കേരള സർക്കാർ

# ബജറ്റ് പ്രസംഗം

## 2005 - 2006



## വക്കം പുരുഷോത്തമൻ

ധനകാര്യ മന്ത്രി



## 2005 ഫെബ്രുവരി 4

# ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| സുനാമി ദുരിതവും ദുരിതാശ്വാസവും | 2 |
| സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി | 3 |
| കൃഷിയും അനുബന്ധ മേഖലകളും | 5 |
| കൃഷി | 3 |
| മൃഗസംരക്ഷണം | 6 |
| ക്ഷീര വികസനം | 6 |
| സഹകരണം | 7 |
| കലയും സംസ്ക്കാരവും | 7 |
| പുരാരേഖാ വകുപ്പ് | 7 |
| തലസ്ഥാന വികസനം | 7 |
| പ്രാദേശിക വികസന പദ്ധതികൾ | 8 |
| ഭക്ഷ്യവും പൊതുവിതരണവും | 9 |
| വിദ്യാഭ്യാസം | 10 |
| പൊതുവിദ്യാഭ്യാസം | 10 |
| ഹയർ സെക്കൻഡറി വിദ്യാഭ്യാസം | 10 |
| ഉന്നത വിദ്യാഭ്യാസം | 10 |
| എക്സൈസ് | 11 |
| മത്സ്യബന്ധനം | 11 |
| വനം | 12 |
| ധനകാര്യം | 12 |
| പൊതുഭരണം | 13 |
| ആരോഗ്യ കുടുംബക്ഷേമം | 13 |
| ആഭ്യന്തരം | 15 |
| പോലീസ് | 15 |
| അഗ്നിശമന സുരക്ഷാ സേന | 15 |
| നീതിന്യായം | 15 |
| ജയിൽ | 15 |
| ഭവന നിർമ്മാണം | 15 |
| വ്യവസായം | 16 |
| വ്യവസായ വാണിജ്യ വകുപ്പ് | 16 |
| കെ.എസ്.ഐ.ഡി.സി. | 16 |
| കിൻഫ്രാ | 16 |
| മൈനിംഗും ജിയോളജിയും | 16 |
| പരമ്പരാഗത വ്യവസായങ്ങൾ | 17 |
| വിവര സാങ്കേതിക വിദ്യ | 18 |
| പൊതുജന സമ്പർക്കം | 18 |
| ജലസേചനം | 18 |

| | |
|---|---|
| കുടുംബശ്രീ | **19** |
| തൊഴിൽ | **20** |
| പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾ | **20** |
| പ്രാദേശിക സ്വയംഭരണ സർക്കാരുകൾ | **20** |
| പഞ്ചായത്തുകൾ | **21** |
| നഗരകാര്യ വകുപ്പ് | **22** |
| ലോക്കൽ ഫണ്ട് ആഡിററ് | **22** |
| ഭരണനവീകരണ പദ്ധതി | **22** |
| പ്രവാസി ക്ഷേമ വകുപ്പ് (നോർക്ക) | **22** |
| തുറമുഖം | **22** |
| അച്ചടി | **23** |
| പൊതുമരാമത്ത് | **23** |
| ഊർജ്ജം | **23** |
| റവന്യൂ | **24** |
| രജിസ്ട്രേഷൻ | **24** |
| ശാസ്ത്ര സാങ്കേതിക വകുപ്പ് | **25** |
| പട്ടികജാതി പട്ടികവർഗ്ഗ വികസനം | **25** |
| സാമൂഹ്യക്ഷേമം | **25** |
| സ്പോർട്സും യുവജനകാര്യവും | **26** |
| ഗതാഗതം | **27** |
| വിനോദ സഞ്ചാരം | **27** |
| ഭാഗം – ബി | **28** |
| ഭാഗം – സി | **37** |

സർ,

ഐക്യ ജനാധിപത്യ മുന്നണി സർക്കാരിൻെറ അഞ്ചാം വർഷമായ 2005–06–ലെ ബജററ് സ്വാഭിമാനം ഞാൻ അവതരിപ്പിക്കുകയാണ്.

1. കഴിഞ്ഞുപോയ വർഷം അഖിലേന്ത്യാതലത്തിൽ ചരിത്ര പ്രധാനമായ ചില മാററങ്ങൾക്ക് സാക്ഷ്യം വഹിച്ചിരുന്നു. വിഭാഗീയ പ്രവണതകളിലൂടെ തുടർന്നു പോകാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്ന വർഗ്ഗീയതയുടെ മൂർത്തിമദ്ഭാവമായ ഒരു സർക്കാരിനെ അതർഹിക്കുംവിധം രാഷ്ട്രീയ പ്രബുദ്ധരായ ജനങ്ങൾ ജനാധിപത്യ പ്രക്രിയയിലൂടെ നിശ്ക്കാസനം ചെയ്യുകയുണ്ടായി. വർഗ്ഗീയ ശക്തികളെയും വിഭാഗീയ ശക്തികളെയും അന്ധാളിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്തുകൊണ്ട്, ഏതൊരു ഇന്ത്യാക്കാരൻെറയും ഹൃദയത്തിലും മനസ്സിലും ആഴത്തിൽ വേരോട്ടമുള്ള ഒരു രാഷ്ട്രീയപാർട്ടി നേതൃത്വം നൽകുന്ന ഒരു ഐക്യ പുരോഗമന സഖ്യത്തെ നാം അധികാരത്തിൽ തിരികെ കൊണ്ടുവന്നു. ഇവിടെ, ദൈവത്തിൻെറ സ്വന്തം നാട്ടിൽ, എല്ലാററിനേയും എല്ലായ്പ്പോഴും എതിർക്കുകയെന്ന പ്രതിപക്ഷത്തിൻെറ കടമ നിർവ്വഹിച്ചു കൊണ്ടിരിക്കുകയാണെങ്കിലും, അഖിലേന്ത്യാ തലത്തിൽ വർഗ്ഗീയ ശക്തികളെ പരാജയപ്പെടുത്തുന്നതിൽ പിന്തുണ നൽകിയതിന് ഞാൻ പ്രതിപക്ഷത്തിരിക്കുന്ന എൻെറ സുഹൃത്തുക്കളെ അഭിനന്ദിക്കുന്നു.

2. അടുത്ത 30–40 വർഷത്തിനുള്ളിൽ അമേരിക്കയും ചൈനയും കഴിഞ്ഞാൽ ഏററവും വലിയ സാമ്പത്തികശക്തിയായി ഇന്ത്യയെ രൂപാന്തരപ്പെടുത്തുക മാത്രമല്ല, അവശരും ദരിദ്രരുമായ കോടിക്കണക്കിന് ജനങ്ങളേയും ഒപ്പം നിർത്തി വികസനത്തിൻെറ സദ്ഫലങ്ങൾ സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ളവർക്കു മാത്രമായി പരിമിതപ്പെടുത്താതെ സാധാരണക്കാരനും അനുഭവവേദ്യമാക്കി മാററുക എന്നതു കൂടിയാണ് ഐക്യ പുരോഗമനസഖ്യ സർക്കാരിൻെറ നയം.

3. ഇവിടെ കേരളത്തിലും വ്യത്യസ്ത രീതിയിലുള്ള ഒരു മാററം സംഭവിക്കുകയുണ്ടായി. കേരളംപോലെ രാഷ്ട്രീയ പ്രബുദ്ധതയുള്ള ഒരു സംസ്ഥാനത്തിലെ സർക്കാർ മാറുന്നതും ഭരണ നേതൃത്വത്തിൽ മാററം വരുന്നതും എല്ലാ കേരളീയരിലും കൗതുകവും ഉത്സാഹവും ഉണർത്തുന്നതാണ്. എന്നാൽ ഈ മാററം, ജനലക്ഷങ്ങളുടെ പിൻതുണയുള്ള പക്വതയാർന്ന ആദർശകുബേരനായ ഒരു നേതാവ് തുല്യപ്രശസ്തനായ, കേരളത്തെ അതിവേഗം ബഹുദൂരം മുന്നോട്ട് കൊണ്ടുപോകുവാൻ ശ്രമിക്കുന്ന അനുജസ്ഥാനീയനായ ഒരു നേതാവിന് വഴിമാറിക്കൊടുക്കുമ്പോൾ അത് കേരളത്തിലെ ജനങ്ങൾക്ക് പ്രതീക്ഷയോടെയല്ലാതെ ഉററുനോക്കാതിരിക്കാൻ സാധിക്കില്ല. ഇത് രാഷ്ട്രീയമോ അടിസ്ഥാന തത്വങ്ങളിലുള്ളതോ ആയ മാററമല്ല. പ്രത്യുത, ശൈലിയിലും വ്യക്തിത്വത്തിലുമുള്ള ഒരു മാററം മാത്രമാണ്. കേരളത്തെ മുന്നോട്ട് നയിക്കുവാൻ ശക്തമായ അടിത്തറപാകുകയും പാളം തെററി ഓടിക്കൊണ്ടിരുന്ന നമ്മുടെ സമ്പദ് വ്യവസ്ഥയെ നേർ വഴിയിലേക്ക് തിരിച്ചുകൊണ്ടുവരികയും ചെയ്ത നമ്മുടെ ശ്രേഷ്ഠനായ കഴിവുററ നേതാവ് ശ്രീ.ഏ.കെ. ആൻറണി നയിച്ച മുൻ സർക്കാരിൻെറ എല്ലാ അർത്ഥത്തിലുമുള്ള തുടർച്ചയാണ്. ഞാൻ ഉൾപ്പെട്ട ഈ ഗവൺമെൻറ്. സാമ്പത്തിക വളർച്ചയും, പരിഷ്ക്കരണങ്ങളും, സാമൂഹ്യനീതിയും ഈ ശക്തമായ അടിത്തറയിൽ നിന്നും നമുക്ക് പടുത്തുയർത്താം. നാം പ്രതീക്ഷയോടെ ഉററുനോക്കുന്ന അതിവേഗതയുള്ള കേരളം ബഹുദൂരം പിന്നിടുമ്പോൾ ഏതൊരു പൗരനും തിരിഞ്ഞുനോക്കിയാൽ സംതൃപ്തിയോടെ കാണുക, നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്ന സംതൃപ്തരായ ഒരു ജനതയെ ആയിരിക്കും. നിങ്ങളെ നിരാശപ്പെടുത്തില്ല എന്ന് എൻെറ സഹപ്രവർത്തകരുടെ പേരിലും നമ്മുടെ മുഖ്യമന്ത്രിയുടെ പേരിലും ഞാൻ ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വാഗ്ദാനം നൽകുന്നു.

**സുനാമി ദുരന്തവും ദുരിതാശ്വാസവും**

4. രാഷ്ട്രീയത്തിലെ മാററങ്ങൾ കേരള ജനതയ്ക്ക് സുപരിചിതമാണ്. പക്ഷെ കേരളത്തിൻെറ പല ഭാഗങ്ങൾ ഇന്നും തികച്ചും അപ്രതീക്ഷിതമായി അറബിക്കടൽ നൽകിയ സുനാമി എന്ന വിപത്തിൽപ്പെട്ട് ഉഴലുകയാണ്. കാതിൽ മൂളിപ്പാട്ടും മനസ്സിൽ താരാട്ടും വല നിറയെ മീനും നമുക്ക് നൽകിക്കൊണ്ടിരുന്ന അറബിക്കടൽ, നമ്മുടെ കടൽ, ഒരു നിമിഷ നേരത്തേയ്ക്ക് തൻെറ ഒരു രൗദ്രഭാവം പുറത്തെടുത്തു. സ്വന്തം മക്കളെ കൊള്ളാനും തള്ളാനും ഉള്ള അവകാശം നമ്മെ ഓർമ്മിപ്പിച്ച് ആ നിമിഷങ്ങൾ കടന്നുപോയി; കടൽ വീണ്ടും തൻെറ കവിതകൾ മൂളിക്കൊണ്ടിരിക്കുന്നു. പക്ഷെ കടലമ്മയുടെ മക്കൾ ആ ദുരന്തത്തിൻെറ ഞെട്ടലിൽനിന്നും ഇപ്പോഴും മുഴുവനായി കരകയറിയിട്ടില്ല.

5. സുനാമി ദുരന്തം വിതച്ച മറെറാരു സ്ഥലത്തും കണ്ടിട്ടില്ലാത്ത ക്രമീകരണങ്ങളാണ് നാം കേരളത്തിൽ കണ്ടത്. ആദ്യത്തെ ഊഴം ജനങ്ങളുടേതായിരുന്നു. കണ്ണുചിമ്മുന്ന വേഗതയിൽ സഹായ ഹസ്തവുമായി കടലമ്മയുടെ മക്കൾതന്നെ ഓടി നടന്നു. അനേക ജീവിതങ്ങൾ നഷ്ടപ്പെട്ടെങ്കിലും മററനേകം ജീവിതങ്ങൾ വീണ്ടും രക്ഷിക്കപ്പെടുകയായിരുന്നു. സുനാമി ദുരന്തത്തിനു വിധേയരായ നമ്മുടെ സഹോദരങ്ങളെ സഹായിച്ച ജനങ്ങൾക്കും അവരുടെ നേതാക്കൾക്കും സ്വദേശത്തും വിദേശത്തുമുള്ള നമ്മുടെതന്നെ വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകൾക്കും ഞാൻ ഈ ഗവൺമെൻറിൻെറ പേരിൽ നന്ദി പറയുകയാണ്.

6. സംസ്ഥാനസർക്കാരിൻെറ സമയോചിതമായ ഇടപെടലും ദൃഢമായ നേതൃത്വവും, നമ്മുടെ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും വിവിധ സംഘടനകളുടെയും അശ്രാന്ത പരിശ്രമവും ഈ യജ്ഞത്തിന് കാതലായ ഒരു മാററം വരുത്തി. ക്യാമ്പുകളുടെ നടത്തിപ്പിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും നാടിൻെറ പുനർനിർമ്മാണത്തിനും ഈ ഗവൺമെൻറ് പ്രാധാന്യം നൽകിക്കൊണ്ടിരിക്കുന്നു. നഷ്ടപ്പെട്ട ജീവിതങ്ങൾതിരിച്ചുനൽകാൻ സാധിക്കുകയില്ല. പക്ഷെ ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാനും അവർക്ക് ഒരു പുതുജീവിതം നൽകാനും ഉതകുമാറ്, നഷ്ടപ്പെട്ടുപോയ ഭവനങ്ങളും ആ പ്രദേശങ്ങളിലെ റോഡുകളും പാലങ്ങളും കടൽഭിത്തികളും പുനർനിർമ്മിക്കുന്നതിനും പുതിയ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും ഈ സർക്കാർ നടപടിയെടുത്തു കഴിഞ്ഞു. ദിവസങ്ങൾക്കുള്ളിൽതന്നെ 100 കോടി രൂപ അനുവധിച്ച കേന്ദ്ര സർക്കാരിന് ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. ഇനിയും 100 കോടിയിൽ അധികം രൂപ ഉടൻ ലഭിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു. ഈ തുക ഉടനടി ചെലവാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഈ ഗവൺമെൻറ് എടുത്തുകഴിഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയ, നൽകിക്കൊണ്ടിരിക്കുന്ന കേരളത്തിനകത്തേയും പുറത്തേയും ജനലക്ഷങ്ങൾക്കും ഞാൻ അഭിവാദ്യമർപ്പിക്കുന്നു. അപ്രതീക്ഷിതമായ ഒരു വേളയിൽ അശാന്തമായിത്തീർന്ന അറബിക ക്കടലിൻെറ ഈ തീരത്ത് ഇനിയും രോദനങ്ങളും മൃത്യുവിൻെറ മരവിപ്പും അടങ്ങിയിട്ടില്ല. ഒന്നിച്ചുനിന്നു കൊണ്ട് ഒരു പുതിയ കടൽതീരം ഇവിടെ നമുക്കു കെട്ടിപ്പടുക്കാം.

7. ഇനി ബജററ് അവതരിപ്പിക്കുക എന്ന എൻെറ പ്രാഥമിക കർത്തവ്യത്തിലേക്ക് ഞാൻ കടക്കുകയാണ്. വർഷാരംഭത്തിൽ ഒരു സമ്പൂർണ്ണ ബജററ് കണ്ടിരുന്ന കാലം കേരളം മറന്നുകഴിഞ്ഞു. മൂന്നുപതിററാണ്ടുകൾക്കുശേഷം ആദ്യമായി ഒരു സമ്പൂർണ്ണ ബജററ് അവതരിപ്പിച്ച് പാസ്സാക്കിയെടുക്കാനുള്ള എൻെറ പ്രത്യേക അവകാശം നിങ്ങളുടെ എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ഞാൻ വിനിയോഗിക്കുകയാണ്. നിയമസഭാചട്ടങ്ങൾ അനുശാസിക്കുന്ന വിഷയനിർണ്ണയസമിതികളിലെ ചർച്ചകളും സഭയിലെ വിശദമായ ചർച്ചകളും അതിനുശേഷം ഡിമാൻറ് തിരിച്ചുള്ള വോട്ടെടുപ്പും നടത്തേണ്ടതുണ്ടെങ്കിലും അവയെല്ലാം പാലിച്ചുകൊണ്ടുതന്നെ അടുത്ത സാമ്പത്തിക വർഷാരംഭത്തിനു മുമ്പുതന്നെ സമ്പൂർണ്ണ ബജററ് പാസ്സാക്കിയെടുക്കാൻ സാധിക്കുമെന്നു തെളിയിക്കുവാൻ ഞാൻ

ആഗ്രഹിക്കുന്നു. ബജററ് പ്രക്രിയ നിയമം അനുശാസിക്കുന്ന രീതിയിൽ, ഈ വർഷം മാത്രമല്ല വരുംവർഷങ്ങളിലും, സാധാരണഗതിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുവാൻ ഈ സഭയുടെയും അതിലെ അംഗങ്ങളുടെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും (സർ. അങ്ങിരിക്കുന്ന ആ കസേര എനിയ്ക്കെത്രയും പ്രിയപ്പെട്ടതും വൈകാരിക ബന്ധമുള്ളതും ആയിരിക്കുന്നതിനാൽ പ്രത്യേകിച്ചും). എല്ലാവരുടെയും പിന്തുണ ഞാൻ തേടുകയാണ്.

## <u>ഭാഗം – എ</u>

### സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി

8. കേരളത്തിൻെറ സാമ്പത്തിക സ്ഥിതി കഴിഞ്ഞ മൂന്നുവർഷംകൊണ്ട് മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് നാണയപ്പെരുപ്പനിരക്കിൽ കുറവുവന്നിട്ടുണ്ട്. ഈ വർഷം തുടക്കത്തിൽ മൂന്നുമാസക്കാലത്തോളം വരൾച്ച അനുഭവപ്പെട്ടിരുന്നവെങ്കിലും കാർഷികരംഗത്ത് ഉണർവ്വ് പ്രകടമായിക്കൊണ്ടിരിക്കുകയും ചില പ്രധാനപ്പെട്ട നാണ്യ വിളകൾക്ക് വിലസ്ഥിരത കൈവരിയ്ക്കാൻ സാദിക്കുകയും ചെയ്തിട്ടുണ്ട്. പല പ്രതികൂല സാഹചര്യങ്ങളിൽ ഉണ്ടായിട്ടുപോലും സംസ്ഥാനത്തിൻെറ ആഭ്യന്തര ഉല്പ്പാദനവളർച്ചാനിരക്ക് യഥാർത്ഥത്തിൽ 6.5 ശതമാനമായി ഉയരുന്നതിനുള്ള സാദ്ധ്യതയുണ്ട്.

9. ആഗോള നിക്ഷേപക സമ്മേളനത്തിനു ശേഷം സ്വകാര്യ നിക്ഷേപത്തിനു സഹായകരമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിന് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ ക്രമമായി സുസ്ഥിരമായി പുരോഗമിക്കുന്നുണ്ട്. സ്വകാര്യ നിക്ഷേപം വളരുന്നതോടൊപ്പം നിക്ഷേപകരുടെ ആത്മവിശ്വാസവും വർദ്ധിച്ചുവരുന്നു. ഒരു വലിയ ഇടവേളയ്ക്കു ശേഷം പൊതുമേഖലയിലൂടെയും, സ്വകാര്യ മേഖലയിലൂടെയും പൊതു–സ്വകാര്യ മേഖലയിലെ പങ്കാളിത്തത്തോടെയുമുള്ള സംരംഭങ്ങൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. റോഡുകളുടെയും ശുദ്ധജലവിതരണ പദ്ധതികളുടെയും ബഹുമുഖ ഏജൻസികൾ ധനസഹായം നൽകുന്ന നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യവികസനം, വല്ലാർ പാടം പദ്ധതി, എൽ.എൻ.ജി.പെട്രോനെററ്, ഐ.ടി. പാർക്കുകൾ എന്നിവ ഇപ്പോൾ കടലാസിൽ നിന്നും പ്രായോഗിക തലത്തിലേയ്ക്ക് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു.

10. യു.ഡി.എഫ്. സർക്കാരിന് കൈമാറിക്കിട്ടിയ വഷളായിക്കൊണ്ടിരുന്ന സാമ്പത്തിക സ്ഥിതി, സർക്കാരിൻെറ കൂട്ടായ ശ്രമത്തിലൂടെ അനഭവവേദ്യമായ തരത്തിൽ മെച്ചപ്പെടുത്തുവാനും റവന്യു കമ്മി–ജി.എസ്.ഡി.പി. അനുപാതം മോശപ്പെട്ടു വന്നിരുന്ന സ്ഥിതി അവസാനിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.മൊത്തം ബാദ്ധ്യത – ജി.എസ്.ഡി.പി. അനുപാതത്തിലെ കുത്തനെയുള്ള ഉയർച്ചുയും പിടിച്ചുനിറുത്താൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക തിരുത്തൽ നടപടികൾ ശരിയായ ദിശയിൽ ആകുകയും സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിൻെറ പ്രാരംഭ ദശയിലെത്തി നിൽക്കുകയാണ്. ബജററ് എസ്റ്റിമേററിലെ ധനക്കമ്മി 5.33 ശതമാനത്തിൽ നിന്നും പുതുക്കിയ എസ്റ്റിമേററ് പ്രകാരം 5.28 ശതമാനായി കുറഞ്ഞിട്ടുണ്ട്. റവന്യു കമ്മി ബജററിലെ 4.69 ശതമാനത്തിൽ നിന്ന് 4.55 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

11. അക്കൗണ്ടൻറ് ജനറലിൻെറ കണക്കനുസരിച്ച് സംസ്ഥാനത്തിൻെറ പൊതുക്കടം 31.03.2004 ൽ 37452 കോടി രൂപയാണ്. 2002–03 വർഷത്തെ അപേക്ഷിച്ച് 20.6 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പദ്ധതിവിഹിതം വർദ്ധിപ്പിക്കാനും വിദ്യുച്ഛക്തി ബോർഡിൻെറ റവന്യു കമ്മി നികത്തുവാനും അവരുടെ കടബാദ്ധ്യത ഏറെറടുക്കുവാനും സർക്കാർ ജീവനക്കാർക്ക് 11 ശതമാനം ക്ഷാമബത്ത നൽകുന്നതിനുമാണ് പ്രധാനമായും ഈ അധിക തുക വിനിയോഗിച്ചത്. കടത്തിൽ വന്ന വർദ്ധന 2002–03 ൽ 15.2 ശതമാനവും 2001–02 ൽ 12.7 ശതമാനവും ആയിരുന്നു. ഇത് 2000–01, 1999–2000, 1998–99 എന്നീ വർഷങ്ങളിൽ 18.6

ശതമാനം 28.6 ശതമാനം, 22 ശതമാനം എന്നിങ്ങനെയായിരുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.

12. പത്താം പഞ്ചവൽസര പദ്ധതിയുടെ നാലാം വർഷമായ 2005–06 ൽ എക്കാലത്തെയും ഉയർന്ന 5369.81 കോടി രൂപ അടങ്കലുള്ള വാർഷിക പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 1935.27 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമാകും എന്നു പ്രതീക്ഷിക്കുന്നു. 750 കോടി രൂപയുടെ പദ്ധതികൾ ഊർജ്ജ മേഖലയിൽ നടപ്പിലാക്കും. 1375 കോടി രൂപ പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കും. വിദേശ സഹായ പദ്ധതികളിൽ ഏററവും കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കി വരുന്ന കേരള സ്റ്റേററ് ട്രാൻസ്പോർട്ട് പ്രോജക്ററിനാണ്. ഇതിലേക്കായി 575 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

13. വാററ് നടപ്പിലാക്കിയതിനുശേഷമുളള ആരോഗ്യകരമായ ഒരു ബൃഹത്തായ സാമ്പത്തിക പശ്ചാത്തലത്തിലാണ് 2005–06 ലെ ബജററ് എസ്റ്റിമേററ്, പ്രത്യേകിച്ച് നികുതി വരുമാനം, കണക്കാക്കിയിരിക്കുന്നത്. പദ്ധതിയേതര റവന്യു ചെലവിൻെറ വളർച്ചാ നിരക്കിലെ കുറവിനെ ആധാരമാക്കി ബജററിൽ ഉൾക്കൊളളിച്ചിട്ടുളള നികുതി തട്ടിക്കിഴിക്കലുകൾ ഒരു ഹിതകരമായ പലിശ വ്യവസ്ഥയും മിതമായ പണപ്പെരുപ്പവും മുന്നിൽ കണ്ടുകൊണ്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. സാമ്പത്തിക സാമൂഹ്യ മേഖലകളിലെ പൊതു അടിസ്ഥാന സൗകര്യ നിക്ഷേപം ത്വരിതഗതിയിലുളള വളർച്ചയ്ക്ക് ആക്കം കൂട്ടും.

14. നാലുവർഷം മുമ്പ് സംസ്ഥാനം അഭിമുഖീകരിച്ചിരുന്ന സാമ്പത്തിക പ്രതിസന്ധിയെ ഏററവും രൂക്ഷം, മുമ്പൊരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്തത് എന്ന് ധവളപത്രത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇന്ന് എൻെറ സഹപ്രവർത്തകർ ഉൾപ്പെടെ പലരും കരുതുന്നത് ഇത് പഴയ നല്ല കാലത്തിൻെറ തിരിച്ചുവരവിൻെറ തുടക്കമാണെന്നാണ്. ഉദ്യോഗസ്ഥതലത്തിലും പലരും ചിന്തിക്കുന്നത് നമ്മൾ ഒരു തിരിച്ചുവരവിൻെറ പാതയിലാണെന്നാണ്. എന്നിരുന്നാലും 2001–ൽ നിലനിന്നിരുന്നഅപകടകരമായ പ്രതിസന്ധി പൂർണ്ണമായും മാറിയിട്ടല്ല എന്ന സത്യം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. നാം തെരഞ്ഞെടുത്ത സാമ്പത്തിക പരിഷ്ക്കരണത്തിൻെറ പാതയിൽക്കൂടി ചലിച്ചില്ലെങ്കിൽ ഭാവി ശോഭനമായിരിക്കുകയില്ല.

15. പദ്ധതി പദ്ധതിയേതര ഇനങ്ങളിൽ 2002–03 വർഷത്തിൽ റവന്യു ചെലവിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധന മൂലമാണ് റവന്യു കമ്മി–ജി.എസ്.ഡി.പി. അനുപാതം എക്കാലത്തെയും ഉയർന്ന നിരക്കിലേയ്ക്ക് എത്തിയത്. എന്നിരുന്നാലും 2003–04 ൽ റവന്യു ചെലവ് ജി.എസ്.ഡി.പി.യുടെ 172 ശതമാനമായി പരിമിതപ്പെടുത്താൻ കഴിഞ്ഞു. ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിൽ മാത്രം 2003–04 ൽ യഥാക്രമം 5067 കോടി രൂപ, 2409 കോടി രൂപ, 3328 കോടി രൂപ (മൊത്തം 10804 കോടി രൂപ) എന്നിങ്ങനെ ചെലവഴിക്കേണ്ടി വന്നു. 2003–04 ലെ മൊത്തം റവന്യു വരുമാനത്തിൻെറ 91 ശതമാനവും മൊത്തം റവന്യു ചെലവിൻെറ 70 ശതമാനവുമാണിത്. കഴിഞ്ഞ പത്തു വർഷത്തെ കണക്കനുസരിച്ച് ശമ്പളം പ്രതിവർഷം ശരാശരി 11 ശതമാനം കണ്ടും പെൻഷൻ പ്രതിവർഷം 18 ശതമാനം കണ്ടും, പലിശ പ്രതിവർഷം 17 ശതമാനം കണ്ടും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതേ നില തുടർന്നാൽ അടുത്ത പത്തു വർഷത്തിനകം പെൻഷൻ തുക ശമ്പളത്തേക്കാൾ കൂടുതലാകും. കേന്ദ്ര ഗവൺമെൻറും മററു പല സംസ്ഥാനങ്ങളും കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി തുടങ്ങിക്കഴിഞ്ഞു. കേരളത്തിലും 1.4.2005 നു ശേഷം ജോലിയിൽ പ്രവേശിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണ്.

16. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 ശതമാനത്തിനുമുകളിൽ പലിശ

നൽകക്കൊണ്ടിരുന്ന 2717 കോടി രൂപയുടെ കേന്ദ്ര സർക്കാരിനോടുള്ള കടം, കുറഞ്ഞ പലിശ നിരക്കിലുള്ള കടമായി മാററിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാന സർക്കാരിൻെറ പലിശ ബാദ്ധ്യത കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

17. 2003 ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത ആക്ടിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള സാമ്പത്തിക ഭദ്രത സുസ്ഥിരമാക്കുന്നതിനു അനുയോജ്യമായ സാമ്പത്തിക ശാക്തീകരണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ നിയമം വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് 2007 മാർച്ചോടെ റവന്യൂ കമ്മി പൂർണ്ണമായി ഇല്ലാതാക്കേണ്ടതും ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിൻെറ 2 ശതമാനമായി കുറയ്ക്കേണ്ടതുമാണ്. ഇപ്പോഴത്തെ വളർച്ചാ നിരക്കിൽ ഈ ലക്ഷ്യം കൈവരിക്കുമെന്ന് വിശ്വസിക്കുന്നത് അതിമോഹമാണ്. കേന്ദ്ര നിയമത്തിൻെറ ചുവട് പിടിച്ച് ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള സമയ പരിധി 2009 മാർച്ചിലേയ്ക്ക് നീട്ടണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ടു വയ്ക്കുന്നു. എല്ലാ മേഖലകളിലും സ്ഥായിയായ പരിഷ്കരണം നടത്തിയെങ്കിൽ മാത്രമെ 2009 ൽ എങ്കിലും ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളു.

18. പരിഷ്കരണ പാതയുടെ ദിശയെ സംബന്ധിച്ച് സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികളിൽ അഭിപ്രായ സമന്വയം ഉണ്ടായാൽ മാത്രമെ വികസനോൻമുഖമായ സാമ്പത്തിക നീക്കുപോക്കുകളുടെ അജണ്ട പ്രായോഗികമാവുകയുള്ളു. നിർഭാഗ്യവശാൽ, പരിഷ്കരണത്തിന് കനത്തവില നൽകേണ്ടി വരുമെന്ന ഒരു തെററിദ്ധാരണയാണ് ചില പാർട്ടികൾക്കുള്ളത്. ചട്ടക്കൂട്ടിനതീതമായി ചിന്തിക്കുവാനും ചൈനയിലും പശ്ചിമ ബംഗാളിലും പോലും സംഭവിച്ചു കൊണ്ടിരിക്കുന്ന ചില സുപ്രധാന നയവ്യതിയാനങ്ങൾ കണ്ണു തുറന്നു കാണുവാനും നമുക്കു സാധിക്കേണ്ടതാണ്.

## കൃഷിയും അനുബന്ധ മേഖലകളും

### കൃഷി

19. നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സഹായത്തോടെ തൊഴിൽ രഹിതരായ യുവതീ യുവാക്കളെ കാർഷികവൃത്തിയിലേക്ക് ആകർഷിച്ച് ഗ്രാമീണ മേഖലയിൽ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക, വിളകളുടെ ഉൽപാദന ക്ഷമതയും ഉൽപാദനവും മെച്ചപ്പെടുത്തുക, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം നിലനിർത്തുക, അവ സംസ്കരിച്ച് വൈവിദ്ധ്യവൽക്കരണം നടത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി കമ്പോളത്തിൽ മത്സരത്തിന് തയ്യാറാക്കുക, അതു വഴി കർഷകന് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുക എന്നീ പ്രധാന ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് 2005-06 വർഷത്തെ കാർഷിക വികസന പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ ചെറുകിട, പരിമിത കർഷകർക്ക് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്.

20. കൃഷിയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതോടൊപ്പം ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതിയിലൂടെ തരിശിട്ടിരിക്കുന്ന 10,000 ഹെക്ടർ നെൽപ്പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാനുള്ള ഒരു ബൃഹത് പദ്ധതി 2005-06 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതാണ്.. നെൽകൃഷിയിടങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്ന പ്രവണതക്ക് കടിഞ്ഞാണിടുക എന്നതാണം ഈ പദ്ധതിയുടെ മറെറാരു ലക്ഷ്യം.

21. വാണിജ്യ വിളകൾക്ക് മുൻതൂക്കമുള്ള നമ്മുടെ സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾ പ്രധാനമായും അന്തർദ്ദേശീയ വിപണികളെ ആശ്രയിക്കുന്നതിനാൽ അവിടത്തെ കമ്പോള വ്യതിയാനങ്ങൾ നമ്മുടെ കർഷകർക്ക് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പ്രാദേശിക വിപണികളെ ശക്തിപ്പെടുത്തിയും വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ വിപണനത്തിന് ഉപയോഗപ്പെടുത്തിയും കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലേക്കായി ഈ

ബജററിൽ 330 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

22. തെങ്ങുകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി പ്രധാനമായി ലക്ഷ്യമിടുന്നത് രോഗബാധിച്ച തെങ്ങുകൾ വെട്ടിമാററിയും രോഗപ്രതിരോധശേഷിയുള്ള തൈകൾ നട്ടുപിടിപ്പിച്ചും ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചും ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ്. നാളികേര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതിക്കായി 64.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

23. നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന മുഖ്യ സുഗന്ധ വിളകളിൽ ഒന്നായ കുരുമുളക് കൃഷിയുടെ വികസനത്തിനായി ഞാൻ 20 കോടി രൂപ നീക്കിവയ്ക്കുന്നു. മുൻവർഷങ്ങളിലുണ്ടായ വരൾച്ച മൂലം നശിച്ചുപോയ കുരുമുളക് തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിന് ഒരു വിപുലമായ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

24. നഗരങ്ങളിലെ കുടുംബങ്ങൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് നഗരത്തിൽ ഒരു നാട്ടിൻപുറം എന്ന ഒരു നവീന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിര കമ്പോസ്റ്റ് യൂണിററ് സ്ഥാപിക്കൽ, പോളി ഹൗസ് യൂണിററുകൾ സ്ഥാപിക്കൽ, പരസ്യവും ബോധവൽക്കരണവും എന്നിവയാണ് ഈ പദ്ധതിയിൽ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി ഈ വർഷത്തെ ബജററിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**മൃഗസംരക്ഷണം**

25. മൃഗസംരക്ഷണ വകുപ്പിൻെറ സേവനം മെച്ചപ്പെടുത്തുന്നതിന് 2005–06 ൽ അനവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എക്സ്–റേ, അൾട്രാ സൗണ്ട് സ്കാനർ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടെ മൂന്ന് ജില്ലാ മൃഗസംരക്ഷണ കേന്ദ്രങ്ങളെ മാതൃകാ ജില്ലാ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ഇവ രാവും പകലും അത്യാവശ്യസേവനങ്ങൾ ലഭ്യമാക്കത്തക്ക തരത്തിൽ സജ്ജീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

26. സംസ്ഥാനത്ത് എരുമകളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നതിനാൽ എരുമവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പൈലററ് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 32.50 ലക്ഷം രൂപ ഞാൻ ബജററിൽ വകയിരുത്തുന്നു.

27. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പൂക്കോട് വെറററിനറി കോളേജിൻെറ അടിസ്ഥാന സൗകര്യ വികസനത്തിൻെറ പൂർത്തീകരണത്തിനായി സർവ്വകലാശാലയുടെ പദ്ധതി ഗ്രാൻറിനത്തിൽ 200 ലക്ഷം രൂപ ഞാൻ നീക്കി വച്ചിട്ടുണ്ട്.

**ക്ഷീര വികസനം**

28. ക്ഷീരോൽപന്ന വ്യവസായ സംരംഭകർക്ക് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായം നൽകുന്നതിനായി അരുരിൽ ഒരു ക്ഷീരോൽപന്ന ഉൽപാദന സഹായ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

29. 'പരശുഗ്രാമം' പദ്ധതി നടപ്പിലാക്കുന്നതിനായി 15 ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 50 ഗുണഭോക്താക്കൾക്ക് രണ്ട് പശുക്കൾ വീതമുള്ള ഡയറി യൂണിററുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുന്നതാണ്.

**സഹകരണം**

30. സഹകരണ ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ കർമ്മോജ്ജ്വലമായ പരിപാടികളുമായി ഈ സർക്കാർ മുന്നോട്ടു പോവുകയാണ്. കാർഷിക വിള ഇൻഷുറൻസ് പദ്ധതി, കാർഷിക വായ്പ തിരികെ അടയ്ക്കുന്ന കാലയളവിൽ മരണപ്പെട്ടുപോകുന്ന കർഷകൻെറ കട ബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി ഇവ ആരംഭിക്കും. കാർഷിക വായ്പാ പരിധി കൂട്ടുകയും വായ്പ വിതരണം ഇരട്ടിയാക്കുനകയും ചെയ്യും. നബാർഡിൻെറ സഹായത്തോടെയുള്ള സ്വയം സഹായ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും. മഴവെള്ള സംഭരണ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകും. പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പ്രേജക്ട് അടിസ്ഥാനത്തിൽ പുനരുദ്ധരിക്കും. സഹകരണ മേഖലയിലൂടെയുള്ള ഭവന വായ്പ കൂടുതൽ സുതാര്യമാക്കും. കേന്ദ്ര സർക്കാരിൽ നിന്നും എൻ.സി.ഡി.സി. യിൽ നിന്നും കൂടുൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. സഹകരണ മേഖലയെ അംഗങ്ങൾ നിയന്ത്രിക്കുന്ന മേഖലയാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**കലയും സംസ്കാരവും**

31. കേരളത്തിലെ സ്വാതന്ത്ര്യ സമര ചരിത്രം ഇപ്പോൾ 1938 വരെ മാത്രമേ ഔദ്യോഗികമായി രചിച്ചിട്ടുള്ളു എന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനുശേഷമുള്ള കാലഘട്ടം കൂടി ഉൾപ്പെടുത്തി ഇത് പുതുക്കുന്നതാണ്.

32. സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എൻസൈക്ലോപ്പീഡിയാക് പബ്ളിക്കേഷൻസ് വഴി സർവ്വ വിജ്ഞാന കോശത്തിൻെറ 10 വാല്യങ്ങൾ പുതുക്കി പ്രസിദ്ധീകരിക്കുന്നതിനായി ഞാൻ 10 ലക്ഷം രൂപ നീക്കി വയ്ക്കുന്നു. വാസ്തു വിദ്യാ ഗുരുകുലത്തിൻെറ ആഭിമുഖ്യത്തിൽ ചരിത്ര പ്രാധാന്യമുള്ളതും, പുരാതന വാസ്തുശിൽപ ശൈലിയിൽ ഉള്ളതുമായ കെട്ടിടങ്ങളെക്കുറിച്ച് ഒരു പുസ്തകം രചിച്ച് പ്രസിദ്ധപ്പെടുത്തുന്നതും ചുവർ ചിത്രകലയ്ക്ക് ആവശ്യമായ പ്രചരണം നൽകുന്നതുമാണ്. ഇതിനായി ഞാൻ 5 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

33. സാംസ്കാരിക വകുപ്പ് വിനോദ സഞ്ചാര വകുപ്പുമായി യോജിച്ച് കേരളീയതയുടെ ശാലീനഭംഗിയും ചാരുതയും കോർത്തിണക്കി ഒരു ‘‘കേരളീയ പൈതൃക ഗ്രാമം’’ പുനഃസൃഷ്ടിക്കുന്നതാണ്. ഇതിൻെറ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഞാൻ 50 ലക്ഷം രൂപ മാററി വയ്ക്കുന്നു.

**പുരാരേഖാ വകുപ്പ്**

34. സംസ്ഥാന സർക്കാരിൻെറ രേഖകളുടെ സംരക്ഷണം, പരിപാലനം, നടത്തിപ്പ് എന്നിവ പുരാരേഖാ വകുപ്പിൻെറ ചുമതലയാണ്. താളിയോലകളുടെ സംരക്ഷണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഈ വർഷം ഏറെറടുക്കുന്നതാണ്.

**തലസ്ഥാന വികസനം**

35. തലസ്ഥാന നഗരത്തിൻെറ വികസനം വളരെ നാളായി അവഗണിക്കപ്പെട്ടിരിക്കുകയായിരുന്നു. ഐക്യജനാധിപത്യ മുന്നണി സർക്കാർ 2001–ൽ അധികാരത്തിൽ വന്ന ശേഷമാണ് ഒരു പുതിയ ഉണർവ് ഇക്കാര്യത്തിലുണ്ടായത്. ആൻറണി സർക്കാർ തുടങ്ങി വച്ച തലസ്ഥാന വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും ഞാൻ പ്രതിജ്ഞാബദ്ധനാണ്. തലസ്ഥാന വികസനത്തിന് സർക്കാർ മുൻഗണന നൽകി ആവിഷ്ക്കരിച്ച പദ്ധതികൾ തൃപ്തികരമായി പുരോഗമിച്ചുവരുന്നു. ഏകദേശം 42 കി.മീ. റോഡും

മേൽപ്പാലങ്ങളും അണ്ടർ പാസുകളും ഉൾപ്പെടുന്ന തലസ്ഥാന വികസന പദ്ധതിയുടെ നടത്തിപ്പ് കേരള റോഡ് ഫണ്ട് ബോർഡ് ഏറെറടുത്തു കഴിഞ്ഞു. പാളയം അണ്ടർ പാസിൻെറ നിർമ്മാണവും, പാളം – എയർപോർട്ട് റോഡിൻെറ വീതി കൂട്ടലും നേരത്തെ നിശ്ചയിച്ച പ്രകാരം പുരോഗമിക്കുന്നു. ഇവയിൽ പലതും ആറ് മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

36. വേളി ടൂറിസ്റ്റ് ഗ്രാമത്തെയും, ആക്കുളത്തെയും ബന്ധിപ്പിച്ച് കായലോര നടപ്പാത നിർമ്മാണവും പൂർത്തിയായി വരികയാണ്. ഇത് ഈ ടൂറിസ്റ്റ് കേന്ദ്രത്തിന് പുതിയ മുഖഛായ നൽകുന്നതാണ്.

37. രണ്ട് വർഷം മുൻപ് പ്രഖ്യാപിച്ച തിരുവനന്തപുരത്തെ ഐററി കോറിഡോറും താമസിയാതെ യാഥാർത്ഥ്യമാവുകയാണ്. ഈ പുതിയ അറിവിൻെറ കാമ്പസും ആക്കുളത്തെ നിർദ്ദിഷ്ട അന്താരാഷ്ട്ര കൺവെൻഷൻ എക്സ്പോ സെൻററും തലസ്ഥാനത്തിൻെറ വികസന സാദ്ധ്യതയ്ക്ക് വരുംവർഷങ്ങളിൽ കാര്യമായ പുരോഗതി കൈവരുത്തുന്നതാണ്.

38. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എല്ലാവിധ വിദഗ്ധ ചികിത്സാ സൗകര്യങ്ങളോടും കൂടിയ ഒരു പത്തു നില സൂപ്പർ സ്പെഷ്യാലിററി ബ്ളോക്ക് നിർമ്മിക്കുന്നതാണ്. അതിനായി 2005–06 ലെ ബജററിൽ 200 ലക്ഷം രൂപ വകയിരുത്തുന്നു. മെഡിക്കൽ കോളേജിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വാർഡുകളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും ശ്രമിക്കുന്നതാണ്. കുടപ്പനക്കുന്നിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സിവിൽ സ്റ്റേഷൻെറ പണി ഉടൻ ആരംഭിക്കുന്നതാണ്. ഇതിൻെറ പ്രാരംഭ പ്രവർത്തനങ്ങൾക്കായ 100 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

39. തിരുവനന്തപുരം നഗരത്തിലെ ശുചീകരണ പദ്ധതികളും അഴുക്കുചാൽ നിർമ്മാണവും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് ആനയറ, ശ്രീകാര്യം, വട്ടിയൂർക്കാവ് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു നോർതേൺ റിംഗ് റോഡ് നിർമ്മിക്കുന്നതാണ്. ഇതിലേയ്ക്കായി 200 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

40. നഗരത്തിലെ കരമന, കിള്ളിയാർ, പാർവ്വതീപുത്തനാർ തുടങ്ങിയ നദികൾ വൃത്തിയാക്കി സൗന്ദര്യവൽക്കരിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി ആവിഷ്കരിക്കുന്നതാണ്.

41. സെക്രട്ടറിയേററിനു ചുററുമുള്ള ഓഫീസുകളിലും കച്ചവട സ്ഥലങ്ങളിലും വന്നു പോകുന്ന പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന ഒരു ഗുരുതരമായ പ്രശ്നമാണ് ആവശ്യത്തിനുള്ള പാർക്കിങ് സ്ഥലത്തിൻെറ അഭാവം. പാർക്കിങ് സംബന്ധിച്ച ആവശ്യങ്ങൾ, സ്ഥലത്തിൻെറ ലഭ്യത എന്നിവയെ സംബന്ധിച്ച് ഒരു വിദഗ്ദ്ധ പഠനത്തിന് ശേഷം പാർക്കിങ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.

**പ്രാദേശിക വികസന പദ്ധതികൾ**

42. കൊച്ചി, കോഴിക്കോട് എന്നീ പട്ടണങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും അടിയന്തിരമായി വികസിപ്പിക്കേണ്ടതായിട്ടുണ്ട്. തലസ്ഥാന വികസന പദ്ധതി ആവശ്യമായ മാററങ്ങളോടെ ഈ നഗരങ്ങളിലും നടപ്പിലാക്കുന്നതാണ്. ഈ മൂന്ന് നഗരങ്ങളെയും സാമ്പത്തിക വളർച്ചാകേന്ദ്രങ്ങളാക്കി മാററിയെടുക്കുന്നതിനും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പൊതു–സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു സംവിധാനം നിലവിൽ വരേണ്ടതുണ്ട്. അതിനുള്ള

നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

43. കൊച്ചിയിൽ മെട്രോ റെയിൽവേ ആരംഭിക്കുന്നതിനാവശ്യമായ പഠനം നടത്തുന്നതിനായി 75 ലക്ഷം രൂ ഞാൻ വകയിരുത്തുന്നു.

44. കർമനിരതമായ ഒരു തുറമുഖത്തോടുകൂടിയ പ്രതാപകാലം ആലപ്പുഴയ്ക്ക് ഉണ്ടായിരുന്നു. വിദൂര രാഷ്ട്രങ്ങളുമായി പോലും നല്ല ബന്ധങ്ങളുണ്ടായിരുന്ന വ്യാവസായിക-വാണിജ്യ കേന്ദ്രമായിരുന്നു ഈ പട്ടണം. മനോഹരമായ തോടുകൾ കിഴക്കിൻെറ വെനീസ് എന്ന പേര് ഈ പട്ടണത്തിന് നേടിക്കൊടുത്തു. ഐക്യജനാധിപത്യ സർക്കാർ സമീപകാലത്ത് തുടങ്ങി വച്ച വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ ആലപ്പുഴയ്ക്ക് ഒരു പുതിയ മുഖഛായ നൽകിയിട്ടുണ്ട്. ഗതകാലപ്രൗഢി പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി സർക്കാർ നിരവധി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു. ഇത് ഇനിയും മുന്നോട്ട് കൊണ്ടുപോകും. കനാലുകൾ മോടി പിടിപ്പിക്കുന്നതിന് 100 ലക്ഷം രൂപയും ജില്ലാ കോടതിയുടെ സമീപമുള്ള പാലം വീതി കൂട്ടുന്നതിന് 25 ലക്ഷം രൂപയും, റോഡുകളുടെ വികസനത്തിന് 50 ലക്ഷം രൂപയും നീക്കി വയ്ക്കുന്നു. ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിൻെറ വികസനത്തിന് വേണ്ട 25 ലക്ഷം രൂപയും നീക്കി വയ്ക്കുന്നു.

45. മലയോര വികസന അതോറിററിയും തീരദേശ വികസ അതോറിററിയും ആരംഭിച്ചു കഴിഞ്ഞു. ഇവയുടെ പ്രവർത്തനം അടുത്തവർഷം ഊർജ്ജിതപ്പെടുത്തുന്നതാണ്.

**ഭക്ഷ്യവും പൊതുവിവരണവും**

46. ഭക്ഷ്യ പൊതുവിതരണ വകുപ്പിൻെറയും സിവിൽ സപ്ളൈസ് കോർപ്പറേഷൻെറ ജാഗരൂകമായ പ്രവർത്തനങ്ങൾ മൂലം പൊതുവിപണിയിലെ വിലക്കയററവും പൂഴ്ത്തിവയ്പും ഒരു പരിധിവരെ തടയാൻ കഴിയുന്നുണ്ട്.

47. 'അന്ത്യോദയ-അന്നയോജന' പദ്ധതിയനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കിലോഗ്രാമിന് 3 രൂപ നിരക്കിൽ പ്രതിമാസം 35 കിലോഗ്രാം അരി നൽകി വരുന്നു. നിലവിൽ 357400 കുടുംബങ്ങൾ ഈ പദ്ധതിയിൻ കീഴിലുണ്ട്. ഈ പദ്ധതിക്കാവശ്യമായ അരി കേന്ദ്ര ഗവൺമെൻറാണ് അലോട്ടു ചെയ്യുന്നത്. കൈകാര്യച്ചെലവും കടത്തുകൂലിയും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഈ ആവശ്യത്തിലേയ്ക്കായി 2005-06 ബജററിൽ ഞാൻ 200 ലക്ഷം രൂപ വകയിരുത്തുന്നു.

48. 2000-01 മുതൽ നടപ്പിലാക്കി വരുന്ന 'അന്നപൂർണ്ണ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് 65 വയസ്സിനുമേൽ പ്രായമുള്ള അഗതികൾക്ക് പ്രതിമാസം 10 കിലോ ഗ്രാം അരി സൗജന്യമായി നൽകുന്നുണ്ട്. ഈ പദ്ധതി 2002-03 മുതൽ സംസ്ഥാന പദ്ധതിയായി തുടർന്നുവരുന്നു. 44,980 ഗുണഭോക്താക്കളുള്ള ഈ പദ്ധതിയ്ക്ക് വേണ്ടി 334 ലക്ഷം രൂപ വകയിരുത്തുന്നു.

49. കേന്ദ്ര ഗവൺമെൻറിൻെറ ഉപഭോക്തൃ ക്ഷേമ നിധിയിലുള്ള പണം 50:50 എന്ന അനുപാതത്തിൽ ഉപഭോക്താക്കളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നതിനു വേണ്ടി സംസ്ഥാനങ്ങൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര ഗവൺമെൻറിൽ നിന്ന് ലഭിക്കുന്ന പണം തത്തുല്യമായ സംസ്ഥാന വിഹിതവും ചേർത്ത് സംസ്ഥാന ഗവൺമെൻറിൻെറ കീഴിൽ ഒരു ഉപഭോക്തൃ ക്ഷേമനിധി രൂപീകരിക്കും. ഈ പദ്ധതിയ്ക്കായി 15 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

50. പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്ക്, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് വേണ്ടി പൊതുവിവരണ വകുപ്പിന് ഭരണ നവീകരണ പദ്ധതിയിൻകീഴിൽ സേവന പ്രദാന പദ്ധതി മെച്ചപ്പെടുത്തുന്നതിനായി 750 ലക്ഷം രൂപ വകയിരുത്തുനനു.

## വിദ്യാഭ്യാസം

### പൊതുവിദ്യാഭ്യാസം

51. വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണനയാണ് ഈ ഗവൺമെൻറ് നൽകി വരുന്നത്. സെക്കൻററി സ്കൂളുകളിൽ പരീക്ഷ പാസായി ഇറങ്ങുന്ന വിദ്യാർത്ഥികളുടെ കഴിവ് തിട്ടപ്പെടുത്തുന്നതിന് ശാസ്ത്രീയ മായ ഒരു രീതി ഈ വർഷം നടപ്പിലാക്കുന്നതിനാൽ 2004–05 വർഷം സംസ്ഥാനത്തെ സെക്കണ്ടറി വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരിക്കും. സെക്കണ്ടറി വിദ്യാഭ്യാസത്തിൻെറ സമഗ്ര പുരോഗതിയ്ക്കായി ഞാൻ 2005–06 ലും 35.10 കോടി രൂപ വകയിരുത്തുന്നു. കൂടാതെ പ്രൈമറി, സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ സേവന പ്രദാന പദ്ധതിയുടെ പുരോഗതിയ്ക്കായി ഭരണ നവീകരണ പദ്ധതിയിൻ കീഴിൽ 300 ലക്ഷം രൂപയും വകയിരുത്തുന്നു.

### ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

52. ഹയർ സെക്കണ്ടറി ഡയറക്ടറേററിലെ അനദ്ധ്യാപക ജീവക്കാർക്ക് മാനേജ്മെൻറ്, അക്കൗണ്ടിങ്, ഓഡിററിങ് എന്നീ കാര്യങ്ങളിൽ പരിശീലനം നൽകാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ഡയറക്ടറേററിലെ കമ്പ്യൂട്ടർവൽക്കരണം ഈ വർഷം പൂർത്തിയാക്കുന്നതാണ്. ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ളിക്കേ ഷൻ എന്നിവ ഐച്ഛിക വിഷയങ്ങളായുള്ള ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ നൽകാനുദ്ധേശിക്കുന്നു. ഈ പദ്ധതികൾക്കും, അപ്ഗ്രേഡ് ചെയ്തതായ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നിതനുമായി 150 ലക്ഷം രൂപ വകയിരുത്തുന്നു.

53. സംസ്ഥാനത്തെ മിക്ക ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളുകളിലെയും ലബോറട്ടറി സൗകര്യ ങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിലേയ്ക്കായി 2005–06 വർഷത്തെ ബജററിൽ 5 കോടി രൂപ വകയിരു ത്തുന്നു.

54. സേവനപ്രദാനം മെച്ചപ്പെടുത്തുന്നതിനായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയ്ക്ക് 8.50 കോടി രൂപയും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് 300 ലക്ഷം രൂപയും ഭരണ നവീകരണ പദ്ധതിയിൻ കീഴിൽ വകയിരുത്തിയിട്ടുണ്ട്.

55. സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

### ഉന്നത വിദ്യാഭ്യാസം

56. അഖിലേന്ത്യാതലത്തിലുള്ള മത്സര പരീക്ഷകളിൽ നമ്മുടെ പ്രകടനം മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മോശമാണ്. അതുകൊണ്ട് അഖിലേന്ത്യാതലത്തിലുള്ള മത്സര പരീക്ഷകളിലും തുടർന്നുള്ള കായികക്ഷമതാപരീക്ഷകളിലും കൂടിക്കാഴ്ചകളിലും മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്നതിന് യുവജന ങ്ങളെ സജ്ജരാക്കുന്നതിനായി അഖിലേന്ത്യാ നിലവാരത്തിലുള്ള ഒരു പരിശീലനസ്ഥാപനം സംസ്ഥാന

ത്തിന് ആവശ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി ആധുനിക സൗകര്യങ്ങളോടെയുള്ള ഒരു പരിശീലനകേന്ദ്രം തിരുവനന്തപുരത്ത് തുടങ്ങുന്നതാണ്. ഈ സ്ഥാപനത്തിലേയ്ക്കുള്ള പ്രവേശനം മെരിററടിസ്ഥാനത്തിലായിരിക്കും. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളി വിഭാഗത്തിനും പ്രവേശനത്തിൽ സംവരണവും സ്ററൈപെൻറും അനുവദിക്കുന്നതാണ്.

57. കേരളത്തിലെ യുവജനങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകുന്നതിന് ഇനി മുതൽ മുൻഗണന നൽകും. ഈ പശ്ചാത്തലത്തിൽ സർക്കാർ കോളേജുകളിലെ കോഴ്സുകൾ പുനക്രമീകരിക്കുന്നതാണ്.

58. എഞ്ചിനീയറിംഗ് കോളേജുകളുടെയും മററു സാങ്കേതിക സ്ഥാപനങ്ങളുടെയും വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാനത്ത് ഈ വർഷം ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിന് ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും അറിയപ്പെടുന്ന ഒരു കേന്ദ്രമായി കേരളത്തെ മാററുവാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്യുന്നതാണ്.

**എക്സൈസ്**

59. എക്സൈസ് വകുപ്പിൻെറ 2002–03 ൽ ആരംഭിച്ച നവീകരണ പരിപാടി 2005–06 ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൻെറ ഭാഗമായി ഒരു എക്സൈസ് അക്കാഡമി വിഭാവനം ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിൻെറ നവീകരണം പൂർത്തിയാക്കുന്നതിന് ഞാൻ ഈ ബജററിൽ 100 ലക്ഷം രൂപ വകയിരുത്തുന്നു. മദ്യവർജ്ജനത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതും അതിനുവേണ്ട ധനസഹായം ചെയ്യുന്നതുമാണ്.

**മത്സ്യബന്ധനം**

60. 2005–06 വർഷത്തിൽ മത്സ്യബന്ധന വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പ്രധാനമായും ലക്ഷ്യമിടുന്നത് തീരക്കടൽ മത്സ്യബന്ധനവും ആഴക്കടൽ മത്സ്യബന്ധനവും പരമാവധി വർദ്ധിപ്പിക്കുക. ഉൾനാടൻ മത്സ്യബന്ധനം ഊർജിതപ്പെടുത്തുക, കടൽസമ്പത്തിൻെറ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക, സൂക്ഷ്മസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വവും ഉപജീവന സംരക്ഷണവും ഉറപ്പാക്കുക എന്നിവയാണ്.

61. പൊതുജനപങ്കാളിത്തത്തോടുകൂടി കടലിലെ രക്ഷാപ്രവർത്തനങ്ങൾ പുനഃക്രമീകരിക്കും. നിലവിലുള്ള വയർലെസ് വിനിമയ ശൃംഖല വടക്കൻ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും. തീരസംരക്ഷണ സേനയുടെ പങ്കാളിത്തത്തോടുകൂടി മറൈൻ എൻഫോഴ്സ്മെൻറ് കൂടുതൽ ശക്തിപ്പെടുത്തും. മത്സ്യക്കൃഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നോഡൽ ഏജൻസിയായി അഡാക്കിനെ പുനഃസംഘടിപ്പിക്കും. സംസ്ഥാനത്ത് മത്സ്യക്കൃഷി വികസിപ്പിക്കുന്നതിനായി അഡാക്ക് ഒരു മാസ്റ്റർ പ്ളാനിന് രൂപം നൽകി നടപ്പിലാക്കുന്നതാണ്.

62. തീരദേശ പരിസ്ഥിതി സംരക്ഷണത്തിനുള്ള ഉപാധിയായി കേരളത്തിൽ കണ്ടൽ വനവൽക്കരണ പരിപാടിക്ക് പ്രചാരണം നൽകും. സുനാമിയെത്തുടർന്ന് കടലോരപ്രദേശങ്ങളിലാകെ ഉണ്ടായിട്ടുള്ള ആശങ്ക അകററുന്നതിനുള്ള നടപടികൾ ദീർഘകാല അടിസ്ഥാനത്തിൽ ആരംഭിക്കും.

63. വന, ജലസേചന, ഊർജ മത്സ്യബന്ധന വകുപ്പുകളുടെ സഹകരണത്തോടു കൂടി 20 ജല സംഭരണികളിൽ റിസർവോയർ മത്സ്യക്കൃഷി പദ്ധതി നടപ്പിലാക്കുന്നതാണ്. മത്സ്യക്കൃഷിയെ കൃഷിയുമായി സംയോജിപ്പിക്കുവാനുള്ള മറ്റൊരു പദ്ധതിയും ഗവൺമെൻറിൻെറ പരിഗണനയിലാണ്. കൃഷിവകുപ്പുമായി യോജിച്ചു കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളും തടയണകളും ശുദ്ധജല മത്സ്യക്കൃഷിക്കായി ഉപയോഗിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

64. പ്രവർത്തനക്ഷമമല്ലാത്ത എല്ലാ മത്സ്യ സഹകരണ സംഘങ്ങളും നിർത്തലാക്കുകയും മത്സ്യഫെഡിനെ പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തുകയും ചെയ്യും.

**വനം**

65. വീട്ടുവളപ്പിലും മററു സ്വകാര്യഭൂമിയിലും വൃക്ഷങ്ങൾ നട്ടു പിടിപ്പിയ്ക്കുക എന്ന ലക്ഷ്യത്തിനായി ഹാബിററാററ് ഫോറസ്ട്രി എന്ന ഒരു പുതിയ പദ്ധതി 2005–06 മുതൽ നടപ്പിലകുന്നതാണ്. 'വനമാല' എന്ന മറ്റൊരു പദ്ധതിയും ആവിഷ്ക്കരിയ്ക്കുന്നതാണ്. വിവിധ വകുപ്പുകളുടെ പദ്ധതികൾ ഏകോപിപ്പിച്ചും സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെയും പരിസ്ഥിതി ഗ്രാമങ്ങൾ രൂപീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൊച്ചിയിലെ മംഗളവനം പ്രത്യേക പരിഗണന നൽകി സംരക്ഷിക്കുന്നതാണ്.

66. കാട്ടുതീയുടെ സൂക്ഷ്മമായ അവലോകനത്തിനായി നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെ സഹായത്തോടെ ഉപഗ്രഹങ്ങൾ വഴി കാട്ടുതീ കണ്ടെത്തുന്നതിന് സംവിധാനം ആവിഷ്കരിക്കുന്നതാണ്. ഇതിനു പുറമെ സെക്കന്തരാബാദിലെ അഡ്വാൻസ്ഡ് ഡാററാ പ്രോസസിംഗ് റിസർച്ച് ഇൻസ്റ്റിററ്യൂട്ട്, വി.എസ്.എസ്.സി., സി–ഡിററ് എന്നിവയുടെ സഹായത്തോടെ വനം കളളക്കടത്ത് തടയുന്നതിനും കഞ്ചാവ്കൃഷി കണ്ടെത്തുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്.

67. ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരം ലഭിച്ചശേഷം റവന്യൂ, പട്ടികവർഗ്ഗവികസന വകുപ്പുകളുടെ സഹായത്തോടെ ഏകദേശം 7693 ഹെക്ടർ വനഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതാണ്.

68. ആനപാപ്പാന്മാർക്ക് പരിശീലനം നൽകുന്നതിനായി കോടനാട്ട് ഒരു പരിശീലനകേന്ദ്രം തുടങ്ങുന്നതാണ്. ഇത്തരം ഒരു സംരംഭം രാജ്യത്ത് ആദ്യമാണ്. ഒരു ബാച്ചിൽ 20 പാപ്പാന്മാർക്ക് പരിശീലനം നൽകുന്നതാണ്. കേരള വനം വികസന കോർപ്പറേഷൻ ഹൈ ആൽററിററ്യൂഡ് മേഖലകളിലേക്ക് ഓർക്കിഡ് കൃഷി വ്യാപിപ്പിക്കുന്നതാണ്.

69. വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെയും ദേശീയ പാർക്കുകളുടെയും പരിപാലനത്തിനായി കേന്ദ്രസഹായ പദ്ധതിയായ മാനേജ്മെൻറ് ഓഫ് സാങ്ച്വറീസ് ആൻറ് നാഷണൽ പാർക്കിനുവേണ്ടിയുളള സംസ്ഥാന വിഹിതമായി 459 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ധനകാര്യം**

70. ട്രഷറികളുടെ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഓൺലൈൻ കമ്പ്യൂട്ടർവൽക്കരണവും വിവിധ ആവശ്യങ്ങൾക്കായി ട്രഷറികളിൽ എത്തുന്ന പൊതുജനങ്ങളുടെ പരാതികൾ പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിൻെറ ഭാഗമാണ്. ട്രഷറികളിൽ ഓൺലൈൻ ബന്ധം സ്ഥാപിക്കുന്നതിനും കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഞാൻ ബജററിൽ 5.26 കോടി രൂപ വകയിരുത്തുന്നു.

71. സർക്കാർ അനുവദിക്കുന്ന തുകകൾ കാലതാമസം കൂടാതെ ട്രഷറിയിൽ നിന്നും നൽകുന്നതിനാവശ്യമായ പരിഷ്കാരങ്ങൾ ധനകാര്യവകുപ്പിൽ ഏർപ്പെടുത്തുന്നതാണ്. ഇതിനായി പ്രൂഡൻറ് ഫിനാൻഷ്യൽ മാനേജ്മെൻറ് (പി.എഫ്.എം.) എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതാണ്. സർക്കാരിൻെറ ഉയർന്ന പലിശ ബാധ്യതയുള്ള കടങ്ങൾ കുറഞ്ഞ പലിശനിരക്കിലുള്ള കടങ്ങളായി മാററുക. അത്യാവശ്യ കാര്യങ്ങൾക്കുള്ള ചെലവിനങ്ങളിൽ താൽക്കാലികമായുള്ള നിയന്ത്രണങ്ങൾ പടിപടിയായി ഇല്ലാതാക്കുക, ധനവിനിയോഗ നിയന്ത്രണങ്ങൾ ശാസ്ത്രീയമായി പുനരാവിഷ്കരിക്കുക, ചെലവിനങ്ങൾ ബജററിൽ തരംതിരിക്കുന്നത് യുക്തിസഹമാക്കുക എന്നിവയും ഈ പരിപാടിയിലെ മുഖ്യ ഇനങ്ങളായിരിക്കും.

72. ഗ്രാമീണ ജനതയ്ക്കും പെൻഷൻ വാങ്ങുന്നവർക്കും ട്രഷറി വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് കണ്ണൂർ ജില്ലയിലെ ആലക്കോടും മലപ്പുറം ജില്ലയിലെ വണ്ടൂരും തൃശൂർ ജില്ലയിലെ കാഞ്ഞാണിയിലും ആലപ്പുഴ ജില്ലയിലെ മാന്നാറും കൊല്ലം ജില്ലയിലെ ചവറയിലും. ചടയമംഗലത്തും തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂരും പുതിയ സബ് ട്രഷറികൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നു. പെൻഷൻകാരുടെ സൗകര്യത്തിനായി പ്രധാന ട്രഷറികളിൽ ടെല്ലർ സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കും.

73. എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൻ കീഴിൽ കേരളത്തിലുടനീളം വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു നിയോജക മണ്ഡലത്തിന് ഒരു വർഷം 50 ലക്ഷം രൂപ മതിയാകുന്നില്ല എന്ന് പല എം.എൽ.എ. മാരും എന്നോട് പറയുന്നുണ്ട്. ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ ഇതിൽ കാര്യമായ ഒരു വർദ്ധനവ് വരുത്താൻ എനിക്ക് ബുദ്ധിമുട്ടുണ്ട്. എങ്കിലും ഇത് 50 ലക്ഷം രൂപയിൽ നിന്നും 60 ലക്ഷം രൂപയായി ഉയർത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിനായി 14.10 കോടി രൂപ അധികമായി ഞാൻ വകയിരുത്തുന്നു.

**പൊതുഭരണം**

74. കേന്ദ്രസർക്കാരിൻെറ വിവിധ വകുപ്പുകളുമായി നിരന്തരം സമ്പർക്കം പുലർത്തേണ്ടുന്ന ഏതാണ്ട് 10000 കോടി രൂപയ്ക്കുള്ള വിവിധ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കേരള സർക്കാരിൻെറ കീഴിൽ പ്രവർത്തിക്കുന്നവരും കേന്ദ്ര സർക്കാരിൻെറ കേരളത്തിലുള്ള വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്നവരുമായ അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇവർ തമ്മിൽ നല്ല ബന്ധം നിലനിർത്തേണ്ടതുമുണ്ട്. ഇതിനായി തിരുവനന്തപുരത്ത് ഒരു ആൾ ഇന്ത്യാ സിവിൽ സർവ്വീസ് ഓഫീസേഴ്സ് ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുന്നതാണ്. ഇതിലേയ്ക്കായി 20 ലക്ഷം രൂപ ഒററത്തവണ ഗ്രാൻറായി വകയിരുത്തുന്നു.

**ആരോഗ്യ കുടുംബക്ഷേമം**

75. കോട്ടയം, ആലപ്പുഴ, തൃശൂർ മെഡിക്കൽ കോളേജുകളിൽ 50 സീററുകൾ വീതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൻെറ അനുമതി തേടുന്നതാണ്. ഇതു മൂലം നിലവിലുള്ള 700 സീററുകൾ 850 ആയി വർദ്ധിക്കുന്നതാണ്.

76. കോഴിക്കോട് മെഡിക്കൽ കോളേജിൽ 2005–06 വർഷത്തിൽ ഒരു സൂപ്പർ സ്പെഷ്യാലിററി കോംപ്ളക്സ് പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ കാൻസർ രോഗികളുടെ വർദ്ധനവ് സർക്കാരിൻെറ അടിയന്തിര ശ്രദ്ധ അർഹിക്കുന്നു. ഇത് കണക്കിലെടുത്ത് സംസ്ഥാനത്തെ പ്രധാന മെഡിക്കൽ കോളേജുകളിലെ ഓങ്കോളജി വകുപ്പ് ശക്തിപ്പെടുത്തുന്നതാണ്. ഓരോ

മെഡിക്കൽ കോളേജും തൊട്ടടുത്ത രണ്ട് ജില്ലകളിലെ രോഗികളുടെ ആവശ്യം നിറവേററുന്നതാണ്. തൃശൂർ മെഡിക്കൽ കോലേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേയ്ക്ക് ഉടനേ മാററുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയും പൂർണ്ണമായ വണ്ടാനത്തേയ്ക്ക് മാററുന്നതിന് നടപടികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതാണ്.

77. കേരളത്തിൽ ഒരു ലക്ഷത്തിൽ 31 പേർ ആത്മഹത്യ ചെയ്യുന്നുവെന്നാണ് കണക്ക്. ഏകദേശം 72000 പേർ പല തരത്തിലുള്ള മാനസിക രോഗങ്ങൾക്ക് അടിമകളാണ്. ഈ സാഹചര്യത്തിൽ തിരുവന്തപുരം, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ മനോരോഗ ചികിൽസാ വകുപ്പ് ശക്തിപ്പെടുത്തുന്നതിന് 150 ലക്ഷം രൂപ വകയിരുത്തുന്നു. തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നതാണ്. ജില്ലാ ആശുപത്രികളിൽ 10 കിടക്കകൾ വീതമുള്ള മനോരോഗ ചികിൽസാ വാർഡുകൾക്ക് പുറമെ തെരഞ്ഞെടുക്കപ്പെട്ട 15 താലൂക്ക് ആശുപത്രികളിലും സൈക്ക്യാട്രി യൂണിററുകൾ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം, കോഴിക്കേട് മെഡിക്കൽ കോളേജുകളിൽ ഈ വർഷം ട്രോമാ കെയർ യൂണിററുകൾ പ്രവർത്തിച്ചു തുടങ്ങുന്നതാണ്. ബാംഗ്ളൂരിലെ ഐ.എസ്.ആർ.ഒ. യുടെ സഹകരണത്തോടെ ഒരു ടെലി ഹെൽത്ത് ആൻറ് എഡ്യുക്കേഷൻ പോഗ്രാം നടപ്പിലാക്കുന്നതാണ്.

78. മലബാർ മേഖലയിലെ സേവനം മെച്ചപ്പെടുത്തുന്നതിനായി കോഴിക്കോട്ടെ നേത്രരോഗ ഇൻസ്റ്റിററ്യൂട്ട് 25 ലക്ഷം രൂപ ചെലവിൽ വികസിപ്പിക്കുന്നതാണ്.

79. ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ എറണാകുളത്തും കോഴിക്കോട്ടും ഓരോ മേഖലാ ലബോറട്ടറികൾ സ്ഥാപിക്കുന്നതാണ്.

80. ഗിരിവർഗക്കാരുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേററുന്നതിനായി മെഡിക്കൽ കോളേജുകളിലെ വിദഗ്ദൻമാരുടെ സഹായത്തോടെ ഔട്ട് റീച്ച് ക്ളിനിക്കുകൾ ഏർപ്പെടുത്തുന്നതാണ്.

81. കെ.എച്ച്.ആർ.ഡബ്ളിയു.എസ്. മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും മഴവെള്ള സംഭരണ നടപടികൾ ഏറെറടുക്കുന്നതും മലബാർ മേഖലയിൽ ഐ.വി. ഫ്ളൂയിഡ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള യൂണിററ് തുടങ്ങുന്നതുമാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൻെറ സഹായത്തോടെ വയനാട്ടിൽ ഒരു ആയുർവേദ ചികിൽസാ കേന്ദ്രവും കെ.എച്ച്.ആർ.ഡബ്ളിയു.എസ്. ആരംഭിക്കുന്നതാണ്.

82. സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡ്, പരിയാരം, കൊരട്ടി, നൂറനാട് എന്നിവിടങ്ങളിൽ ബയോ മെഡിക്കൽ മാലിന്യ നിർമാർജ്ജന പ്ളാന്ററുകൾ സ്ഥാപിക്കുന്നതാണ്.

83. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദ്രോഗ ചികിൽസക്കുള്ള കാത്ത് ലബോറട്ടറി സ്ഥാപിക്കുന്നതാണ്. ഇതിലേയ്ക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ കമ്മ്യൂണിററി വാർഡ് ആരംഭിക്കുന്നതിന് 5 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്. അവിടെ മഞ്ഞപ്പിത്ത ബാധയും മററും ഒഴിവാക്കുന്നതിന് 90 ലക്ഷം രൂപയുടെ പദ്ധതികൾ യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിന് ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള പദ്ധതികളും ഉടൻ നടപ്പിലാക്കുന്നതാണ്.

84. വൈത്തിരി ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി 20 ലക്ഷം രൂപയും, വയനാട് ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി 100 ലക്ഷം രൂപയും വകയിരുത്തുന്നു. ആലുവയിലെ

സർക്കാർ ആശുപത്രി 100 വർഷം പിന്നിടുകയാണ്. ഈ ആശുപത്രിയിൽ ഒരു സെൻറിനറി ബ്ലോക്ക് പണി കഴിപ്പിക്കുന്നതിനായി 70 ലക്ഷം രൂപയും വകയിരുത്തുന്നു.

**ആഭ്യന്തരം**

**പോലീസ്**

85. സംസ്ഥാനത്തെ ക്രമസമാധാനപാലനത്തിന് സർക്കാർ മുൻഗണന നൽകുന്നു. എല്ലാ പൗരൻമാർക്കും തികഞ്ഞ സുരക്ഷ ഉറപ്പു നൽകുന്ന സൗഹൃദപരമായ ഒരു നവീന പോലീസ് സേനയാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രസഹായ പദ്ധതികൾ പ്രയോജനപ്പെടുത്തി പോലീസ് സേനയെ നവീകരിക്കുന്നതിനുള്ള യത്നങ്ങൾ തുടരും. 2005-06 വർഷത്തേക്ക് സംസ്ഥാന സർക്കാരിൻെറ 61.65 കോടി രൂപയ്ക്കുള്ള കർമ്മപദ്ധതി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടെന്നുള്ള വിവരം ഞാൻ സസന്തോഷം സഭയെ അറിയിച്ചുകൊള്ളുന്നു.

86. പോലീസ് വകുപ്പിലെ അടിസ്ഥാന സൗകര്യ വികസനത്തിൻെറ ഭാഗമായി 2005-06 വർഷം കേരളാ പോലീസ് അക്കാഡമിയിൽ ട്രാഫിക് ട്രെയിനിംഗ് സ്ക്കൂൾ, അക്വാട്ടിക് ട്രെയിനിംഗ് സെൻറർ, ഇൻഡോർ ട്രെയിനിംഗ് സെൻറർ എന്നിവ ആരംഭിക്കും. കേന്ദ്രസഹായത്തോടെ ഒരു മറൈൻ പോലീസ് സേനാവിഭാഗം സംസ്ഥാത്ത് സ്ഥാപിക്കും. പോലീസിൻെറ നിയന്ത്രണത്തിലുള്ള ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൻെറ നവീകരണത്തിനായി 50 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. കൂടാതെ ഭരണനവീകരണപദ്ധതിയുടെ ഭാഗമായി പോലീസിൻെറ പൊതുജനസേവനത്തിൻെറ ഗുണമേന്മ മെച്ചപ്പെടുത്തുവാൻ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**അഗ്നിശമന സുരക്ഷാ സേന**

87. ഉപ്പളയിലും കൊടുങ്ങല്ലൂരിലും ഫയർസ്റ്റേഷന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്. വകുപ്പിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിന് സ്കൈലിഫ്ററ്, ഹൈഡ്രോളിക് റെസ്ക്യു എക്യുപ്മെൻറ് എന്നിവ ലഭ്യമാക്കുന്നതാണ്.

**നീതിന്യായം**

88. ഹൈക്കോടതി സമുച്ചയത്തിൻെറ നിർമ്മാണം ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.

**ജയിൽ**

89. വിയ്യൂർ, കണ്ണൂർ, സെൻട്രൽ ജയിലുകളിൽ 2005-06 വർഷത്തിൽ വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്. 1958 ലെ കേരളാ ജയിൽ ചട്ടങ്ങൾ നവീകരിക്കുന്നതിനും പരോൾ മുൻകൂർ വിടുതൽ ചട്ടങ്ങൾ ക്രോഡീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

**ഭവന നിർമ്മാണം**

90. സംസ്ഥാന നിർമ്മിതി കേന്ദ്രം, വികസന സഹകരണങ്ങൾക്കായുള്ള സ്വീസ് ഏജൻസി എന്നിവയുടെ സംയുക്ത സംരംഭമായ ഗ്രാമീണ ഭവനപദ്ധതി 27 ഗ്രാമപഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കും.

91. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവന രഹിതർക്ക് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച രണ്ട് സുപ്രധാന പദ്ധതികളാണ് 'സുരക്ഷ' ഭവനപദ്ധതിയും 'കാരുണ്യ'

ഭവനപദ്ധതിയും. പല കാരണങ്ങളാൽ ഈ പദ്ധതികൾ ഇനിയും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണവകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പ് എന്നീ വകുപ്പുകളുടെയും വിവിധ സന്നദ്ധ സാമുദായിക സംഘടനകളുടെയും പങ്കാളിത്തത്തോടെ ഈ വർഷം തന്നെ ഈ രണ്ടു പദ്ധതികളും ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നതാണ്.

## വ്യവസായം

### വ്യവസായ വാണിജ്യവകുപ്പ്

92. ചെറുകിട വ്യവസായ യൂണിററുകളുടെ അഭിവൃദ്ധിക്ക് അടിസ്ഥാനസൗകര്യ വികസനം അത്യന്താപേക്ഷിതമാണ്. വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനും ഇത്തരം കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യവികസനം നടപ്പിലാക്കുന്നതിനും, നിലവിലുള്ളതും പുതുതായി തുടങ്ങുന്നതുമായ ഡവലപ്മെൻറ് ഏരിയാകൾക്ക് പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് 2005–06 ൽ മുൻഗണന നൽകുന്നത്. ഇതിന് മാത്രമായി ഞാൻ ബജററിൽ 90 ലക്ഷം രൂപ വകയിരുത്തുന്നു.

93. വ്യവസായ ഡയറക്ടറേററിലും ജില്ലാ ഓഫീസുകളിലും ഇൻഫർമേഷൻ മാനേജ്മെൻറ് സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ചെറുകിടവ്യവസായ സംരംഭകർക്ക് അവാർഡുകൾ നൽകുന്നതിനും ഐ.എസ്.ഒ സർട്ടിഫിക്കേഷന് ധനസഹായം നൽകുന്നതിനുമായി ഞാൻ ബജററിൽ 120 ലക്ഷം രൂപ വകയിരുത്തുന്നു.

94. സമ്പദ്‌വ്യവസ്ഥ ചലനാത്മകമാക്കുന്നതിനും വ്യാവസായിക വളർച്ച സാധ്യമാക്കുന്നതിനും വേണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്തെമ്പാടുമുള്ള ദുർബല പീഢിത വ്യവസായ യൂണിററുകളെ പുനരുജ്ജീവിപ്പിച്ച് ശക്തിപ്പെടുത്താനുള്ള ഒരു പൈലററ് പ്രോഗ്രാം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഫലമായി 40,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

95. പാലായിൽ 26 കോടി രൂപ ചെലവിൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതാണ്. ഇതിനുള്ള ധനസഹായം എൻ.സി.ഡി.സി യിൽ നിന്നും ലഭ്യമാക്കുന്നതാണ്. ഇതിൽ കേരള സർക്കാരിൻെറ പ്രാരംഭവിഹിതമായി 100 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

### കെ.എസ്.ഐ.ഡി.സി

96. വ്യവസായ യൂണിററുകൾക്ക് ധനസഹായം നൽകുന്ന പതിവ് പ്രവർത്തനങ്ങളിൽ നിന്നു മാറി കെ.എസ്.ഐ.ഡി.സി ഇത്തരം യൂണിററുകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ ഊന്നൽ നൽകി വരുന്നത്. കശുവണ്ടി, തടി, സമുദ്രഭക്ഷ്യ വിഭവങ്ങൾ, കയർ, ആയുർവേദം തുടങ്ങിയ മേഖലകളുടെ പുനരുജ്ജീവനത്തിനായി കോർപ്പറേഷൻ പലവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### കിൻഫ്ര

97. കേന്ദ്ര സർക്കാരിൻെറ ഭക്ഷ്യസംസ്ക്കരണ മന്ത്രാലയത്തിൻെറ ചുവടുപിടിച്ച് കേരളത്തിൽ ഭക്ഷ്യസംസ്ക്കരണ വ്യവസായം പരിപോഷിപ്പിക്കുന്നതിന് നോഡൽ ഏജൻസി എന്ന നിലയിൽ കിൻഫ്രാ സുപ്രധാന പങ്കാണ് വഹിക്കുന്നത്. എറണാകുളം ജില്ലയിലെ കാക്കനാട്ടും പത്തനംതിട്ട ജില്ലയിലെ അടൂരും

ഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രാ നടപടികൾ സ്വീകരിക്കുന്നതാണ്.

**മൈനിംഗും ജിയോളജിയും**

98. മുൻകാല പഠനങ്ങളുടെ വെളിച്ചത്തിൽ പുതിയ ധാതുക്കൾ കണ്ടെത്തുന്നതിനായി മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് സർവ്വേ നടത്തുന്നതാണ്.

**പരമ്പരാഗത വ്യവസായങ്ങൾ**

99. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കയർ വകുപ്പ് ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സഹകരണസംഘങ്ങൾ വഴിയും പൊതുമേഖലാസ്ഥാപനങ്ങൾ മുഖേനയും കയറിൻെറയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിനായി ഉൽപ്പാദന വിപണന പ്രോത്സാഹന ധനസഹായമായി 150 ലക്ഷം രൂപ ബജററിൽ വകയിരുത്തുന്നു. 2005–06 വർഷത്തിൽ ഏതാണ്ട് 30000 വനിതകൾക്ക് നെയ്ത്ത് ജിയോ–ടെക്സ്റ്റയിൽ മേഖലയിൽ സ്വയം സഹായസംഘപദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. കയർമേഖലയുടെ ഗവേഷണ വികസനാവശ്യങ്ങൾ നിറവേററുന്നതിനായി ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെൻറ് ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആലപ്പുഴയിലെ കയർ ക്ലസ്റ്റർ പദ്ധതിക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനവിഹിതമായി ഞാൻ 45 ലക്ഷം രൂപ വകയിരുത്തുന്നു.

100. കേരള കശുവണ്ടി വികസന കോർപ്പറേഷനിലേയും കാപ്പെക്സിലേയും ഫാക്ടറികൾ ഈ വർഷവും തുറന്നു പ്രവർത്തിക്കേണ്ടതിലേക്കായി ഈ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതാണ്.

101. കേന്ദ്ര സിൽക്ക് ബോർഡ് ശുപാർശ ചെയ്ത പ്രകാരം സംസ്ഥാനത്തെ പട്ടുനൂൽ വ്യവസായ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുന്നതും ഇത്തരം പ്രവർത്തനങ്ങൾക്ക് ശരിയായ ദിശാബോധം നൽകുന്നതുമാണ്. പട്ടുനൂൽ നെയ്ത്ത് പരിപോഷിപ്പിക്കുന്നതും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതുമാണ്. കേരള സിൽക്കിൻെറ വിപണന സംവിധാനം കാര്യക്ഷമമാക്കുന്നതാണ്.

102. കൊച്ചിയിൽ ഒരു കരകൗശല വികസന പരിശീലന വിപണനകേന്ദ്രവും രണ്ടു പ്രധാന കേന്ദ്രങ്ങളിൽ നാടൻകരകൗശല വികസന ഗ്രാമങ്ങളും സ്ഥാപിക്കുന്നതാണ്. 2005–06 ൽ ഏററവും മികച്ച കരകൗശല വിദഗ്ദ്ധനെ ആദരിക്കുന്നതിനായി സംസ്ഥാന പുരസ്ക്കാരം ഏർപ്പെടുത്തുന്നതാണ്.

103. ക്ഷയിച്ചുകൊണ്ടിരിക്കുന്ന കരകൗശല സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക ഫണ്ട് ഏർപ്പെടുത്തുന്നതാണ്. ഇതിനായി 40 ലക്ഷം രൂപ ഞാൻ ബജററിൽ വകയിരുത്തുന്നു.

104. 2005–06 വർഷത്തിൽ ഖാദി ഗ്രാമവ്യവസായ ബോർഡ് ഗൾഫ് രാജ്യങ്ങളിലേക്ക് ഷർട്ട്, പർദ്ദ, ചുരിദാറുകൾ തുടങ്ങിയ റെഡിമെയ്ഡ് വസ്ത്രങ്ങൾ കയററി അയയ്ക്കുന്നതിന് ഉദ്ദേശിക്കുന്നു. കൊല്ലം, ആലപ്പുഴ, പയ്യന്നൂർ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലെ ഖാദി യൂണിററുകൾ വഴിയാണ് ഇവ ഉൽപ്പാദിപ്പിക്കുന്നത്. പേപ്പർ കപ്പ്, പേപ്പർ ബാഗ് എന്നിവ തൃശ്ശൂർ, പയ്യന്നൂർ എന്നിവടങ്ങളിലെ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിർമ്മിക്കുന്നതാണ്.

105. പയ്യന്നൂരിൽ ഈ വർഷം ഖാദി ക്ലസ്റ്റർ വികസനത്തിനായി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിൻെറ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള ചെലവിലേയ്ക്ക് 25 ലക്ഷം രൂപ

ഞാൻ ബജററിൽ വകയിരുത്തുന്നു.

106. എല്ലാ ഉൽപ്പാദന കേന്ദ്രങ്ങളിലേയ്ക്കുമുള്ള വിവിധ തരം വെള്ളിനൂലുകൾ ലഭ്യമാക്കുന്നതിന് കണ്ണൂർ ജില്ലയിലെ എട്ടുകുടുക്കയിലെ സിൽവർ പ്രോജക്ട് ആധുനികവൽക്കരിക്കുന്നതാണ്.

107. സേലത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിയുടെ മാതൃകയിൽ കേന്ദ്രസഹായം സ്വീകരിച്ചുകൊണ്ട് ഒരു നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി സ്ഥാപിക്കുന്നതിന് സംസ്ഥാന വിഹിതമായി 100 ലക്ഷം രൂപ ഞാൻ ബജററിൽ വകയിരുത്തുന്നു.

### വിവര സാങ്കേതികവിദ്യ

108. എല്ലാ ജില്ലകളെയും തലസ്ഥാനവുമായി ബന്ധിപ്പിക്കുന്ന നെററ് വർക്ക് പൂർത്തിയാക്കിയശേഷം അത് ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്. ഈ സൗകര്യം പ്രധാന സർക്കാർ ഓഫീസുകൾ, ഏജൻസികൾ, മെഡിക്കൽ കോളെജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവകൾക്കിടയിൽ ശബ്ദചിത്രങ്ങൾ ഉൾപ്പെടെയുള്ള ഡാററാ കൈമാററത്തിന് സഹായകമാകും.

109. മലപ്പുറത്ത് വളരെ വിജയകരമായി നടപ്പിലാക്കിയ അക്ഷയപദ്ധതി ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ ഏഴു, ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയാണ്. സ്റ്റേററ് വൈഡ് ഏരിയ നെററ് വർക്കിൽ തയ്യാറാക്കിയ ഐ.സി.ററി അടിസ്ഥാനത്തിലുള്ള അക്ഷയ കേന്ദ്രങ്ങളിലൂടെ നിയന്ത്രിക്കപ്പെടുന്ന സംയോജിത ഗവൺമെൻറ് സർവീസ് ഗേററ്വേയ്ക്ക് വേണ്ടി 100 ലക്ഷം രൂപ ഞാൻ ബജററിൽ വകയിരുത്തുന്നു.

### വിവര പൊതുജനസമ്പർക്കം

110. ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് സ്ഥിരം സംവിധാനമെന്ന നിലയിൽ സുതാര്യ കേരളം എന്ന പേരിൽ ഒരു പുതിയ പരിപാടി ആവിഷ്കരിക്കും. ഇതു പ്രകാരം ആഴ്ചയിൽ ഒരു ദിവസം 45 മിനിട്ട് നേരം മുഖ്യമന്ത്രി ദൂരദർശനിൽ നടത്തുന്ന ഫോൺ ഇൻ പരിപാടിയിൽ പൊതുജനങ്ങളുടെ പരാതികൾക്ക് മറുപടി നൽകും. ഈ പരിപാടി വിവര പൊതുജനസമ്പർക്ക വകുപ്പ്, സി–ഡിററ്, ദൂരദർശൻ എന്നിവ സംയുക്തമായാണ് നടപ്പിലാക്കുക.

111. 1950 മുതൽ സൂക്ഷിച്ചിട്ടുള്ള മലയാള ചലച്ചിത്രങ്ങൾ, ഡോക്യുമെൻററികൾ, നിശ്ചല ഫോട്ടോഗ്രാഫുകൾ എന്നിവ ഡിജിററലൈസ് ചെയ്യുന്നതാണ്.

### ജലസേചനം

112. കാഞ്ഞിരപ്പുഴ, ചിമ്മിണി, മലമ്പുഴ, മീൻകര, ചുള്ളിയാർ, വാഴാനി അണക്കെട്ടുകളുടെയും പെരിയാർ വാലി അണക്കെട്ടിൻെറ സുരക്ഷാ നടപടികളുടെയും പ്രവർത്തനം 2005–06 ൽ തന്നെ ആരംഭിക്കുന്നതാണ്.

113. കേന്ദ്ര സഹായത്തോടെ സർക്കാർ 2005–06 ൽ പുതുതായി 52 കിലോ മീററർ കടൽഭിത്തി നിർമ്മിക്കുകയും 59 കിലോമീററർ ദൈർഘ്യം വരുന്ന നിലവിലുള്ള കടൽഭിത്തി നവീകരിക്കുകയും ചെയ്യും.

114. മഴവെള്ള സംഭരണ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസി കെ.ആർ.ഡബ്ല്യൂ.എസ്.എ ആണ്. ഈ പദ്ധതിയ്ക്കായി എല്ലാ ജില്ലകളിലും ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിൽ സമിതികൾ രൂപീ

കരിച്ചിട്ടുണ്ട്. 2005–06 ൽ പുതിയ 39 പഞ്ചായത്തുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**കുടുംബശ്രീ**

115. ദാരിദ്ര്യ നിർമ്മാർജ്ജന മേഖലയിൽ നൂതന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിലൂടെ കുടുംബശ്രീ 27477 വനിതകൾക്ക് നഗരപ്രദേശങ്ങളിലും 207279 വനിതകൾക്ക് ഗ്രാമപ്രദേശങ്ങളിലും മൈക്രോ സംരംഭങ്ങളിലൂടെ സ്ഥിരമായ വരുമാനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കി. മൈക്രോ ഫൈനാൻസ് വർഷമായി ആചരിക്കുന്ന 2005–06 വർഷത്തിൽ ഇതിലൂടെ സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കും എന്ന് ഞാൻ കരുതുന്നു.

116. 2005–06 സാമ്പത്തികവർഷം ദരിദ്ര കുടുംബങ്ങളിലെ വനിതകൾക്ക് പുറമെ 50000 അഭ്യസ്ത്യവിദ്യരായ യുവജനങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പാക്കും.

117. ദരിദ്രരിൽ ദരിദ്രരായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി ആശ്രയ പദ്ധതി ഈ സർക്കാർ അധികാരമേററശേഷം 117 പഞ്ചായത്തുകളിൽ നടപ്പാക്കി. 2005–06 ൽ 'ആശ്രയ' പദ്ധതി 350 ഗ്രാമപഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കും.

118. നഗരപ്രദേശങ്ങളിലെ ഖരമാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഇതിനകം തന്നെ 15 നഗരസഭകളിൽ കുടുംബശ്രീ സംരംഭഗ്രൂപ്പുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2005–06 ൽ താൽപ്പര്യമുള്ള എല്ലാ നഗരസഭകളിലും വനിതാ തൊഴിൽ ഗ്രൂപ്പുകൾ ഈ മേഖലയിൽ ആരംഭിക്കും. ഇതിലൂടെ 10000 പേർക്കെങ്കിലും പുതുതായി തൊഴിൽ ലഭ്യമാക്കാൻ കഴിയും.

119. കേരളത്തിൽ തനതായ മാംസ വിപണി ലക്ഷ്യമിട്ടുകൊണ്ട് മുന്തിയ ഇനം ആടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പും കുടുംബശ്രീയും സംയുക്തമായി 350 ബ്രീഡർ നഴ്സറികളും അനുബന്ധ ആടുവളർത്തൽ യൂണിററുകളും ആരംഭിക്കും. ഇതിലൂടെ 20000 പേർക്ക് പുതുതായി സ്ഥിര വരുമാനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കുന്നതിനും കഴിയും.

120. നിയമവിരുദ്ധമായി കേരളത്തിൽ നടത്തി വന്നിരുന്ന ഓൺലൈൻ ലോട്ടറികളും അന്യസംസ്ഥാന ലോട്ടറികളും നിയന്ത്രിക്കുന്നതിനും നിയമവിധേയമായി അവ പ്രവർത്തിപ്പിക്കുന്നതിനും കോടതി ഉത്തരവു മൂലം തടസ്സങ്ങൾ ഉണ്ടായപ്പോൾ സംസ്ഥാനത്ത് എല്ലാ ലോട്ടറികളും നിരോധിക്കുന്നതിനും കേരളം ഒരു ലോട്ടറി വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനും ഗവൺമെൻറ് നിർബന്ധിതമായി. ഇതുമൂലം സാമൂഹ്യ വിപത്തിൽ നിന്ന് കേരളത്തെ രക്ഷിക്കുവാൻ കഴിഞ്ഞു എന്ന ഉത്തമവിശ്വാസം ഗവൺമെൻറിനുണ്ട്. നിയമപരമായി സംസ്ഥാന ലോട്ടറി തിരിച്ചു കൊണ്ടുവരാനുള്ള എല്ലാ ശ്രമവും സർക്കാർ നടത്തും. എന്നാലും ലോട്ടറി രംഗത്തുണ്ടായിരുന്ന പാവപ്പെട്ടവരും അംഗവൈകല്യം സംഭവിച്ചവരുമായ ആളുകളെ സംബന്ധിച്ച് ഗവൺമെൻറിന് അതിയായ ഉത്കണ്ഠയുണ്ട്. അവർക്കുവേണ്ടി ഗവൺമെൻറ് ഒരു പുതിയ തൊഴിൽദാന പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. ഇതിനായി ഗവൺമെൻറ് ഒരോരുത്തർക്കും പതിനായിരം രൂപ ഗ്രാൻറായും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 40000 രൂപ വരെ ലോണായും ലഭ്യമാക്കും. ഈ രീതിയിൽ 20000 പേരെ പുനരധിവസിപ്പിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. ഇതിൽത്തന്നെ അംഗവൈകല്യമുള്ളവർക്കും രോഗബാധിതരായവർക്കും മുൻഗണന നൽകുന്നതാണ്. ഇതിലേയ്ക്കായി 20 കോടി രൂപ വകയിരുത്തുന്നു. ഇതുകൂടാതെ സർക്കാർ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഫോൺ ബൂത്ത്, കോഫി വെൻഡിങ്ങ് മെഷീൻ എന്നിവ സ്ഥാപിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള

എല്ലാ സൗകര്യങ്ങളും ഗവൺമെൻറ് ചെയ്തുകൊടുക്കുന്നതാണ്.

121. അഭ്യസ്തവിദ്യരായ വനിതകൾക്ക് ആരോഗ്യ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കുടുംബശ്രീയിൻ കീഴിൽ ‘സാന്ത്വനം’ എന്ന ഒരു നൂതന സംരംഭം ആരംഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം പരിശീലനം സിദ്ധിച്ച വനിതകളുടെ സേവനം ഉപയോഗപ്പെടുത്തി പതിവായി രക്തപരിശോധനയും രക്തസമ്മർദ്ദപരിശോധനയും ആവശ്യമായി വരുന്ന വൃദ്ധജനങ്ങൾക്കും മററ് രോഗികൾക്കും അവരവരുടെ വീടുകളിൽ തന്നെ കുറഞ്ഞ ചെലവിൽ ഈ പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്. ഈ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തുന്നു.

**തൊഴിൽ**

122. ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്ന മാതൃകാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളായി ഉയർത്തുന്നതാണ്.

123. തൊഴിലാളികളുടെ, പ്രത്യേകിച്ച് തോട്ടം തൊഴിലാളികളുടെ, ക്ഷേമം ലാക്കാക്കി വിവിധ തരം പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. തോട്ടം തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ മാതൃകാ ഭവന നിർമ്മാണ പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

124. തൊഴിൽ പരിശീലന വകുപ്പിൻെറ കീഴിലുള്ള കാസർകോട് ഗവൺമെൻറ് ഐ.ടി.ഐ ഒന്നാം ഗ്രേഡ് ഐ.ടി.ഐ യായി ഉയർത്തുന്നതാണ്.

125. 2005–06 വർഷത്തിൽ തൊഴിൽ–ആരോഗ്യം സംബന്ധിച്ച് ഫാക്ടറീസ് ആൻറ് ബോയ്ലേഴ്സ് വകുപ്പ് സർവ്വെ നടത്തുന്നതാണ്.

126. ആട്ടോമൊബൈൽ വ്യവസായ മേഖലയിൽ ആധുനീകരണത്തിൻെറ ഫലമായി സാങ്കേതിക മികവുള്ള വാഹനങ്ങളുടെ പുതിയ ശ്രേണി ഇന്ന് കേരളത്തിലെ നിരത്തുകളിൽ വ്യാപകമാണ്. സംസ്ഥാനത്തെ ഐ.ററി.ഐ കളിൽ നിന്നും പോളിടെക്നിക്കുകളിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കി വരുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഇത്തരം പുതിയ ശ്രേണിയിൽപ്പെട്ട വാഹനങ്ങളുടെ അററകുററപ്പണികൾ നിർവ്വഹിക്കുന്നതിൽ വേണ്ടത്ര പരിചയമില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആട്ടോമൊബൈൽ സർവ്വീസ് സെൻററുകളിലെ പ്രതിനിധികളുമായി ഞാൻ ഈ കാര്യം ചർച്ച ചെയ്തു. ഇതിൽ താൽപ്പര്യമുള്ളവരെ ഈ മേഖലയിലെ ആധുനിക ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും അവ കൈകാര്യം ചെയ്യുന്നതിന് സാഹചര്യമുണ്ടാക്കുകയും ചെയ്യുന്നതിനും തെരഞ്ഞെടുക്കുന്ന ആട്ടോമൊബൈൽ സർവ്വീസ് സെൻററുകളിൽ പരിശീലനം നൽകുന്നതിനും ഈ മേഖലയിലെ വ്യവസായികളുടെ സഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവർക്ക് സ്വന്തം വർക്ക് ഷോപ്പുകൾ ആരംഭിക്കുന്നതിനോ സർവ്വീസ് സെൻററുകളിൽ തൊഴിൽ നേടുന്നതിനോയുള്ള അവസരം ലഭ്യമാക്കുന്നതാണ്.

**പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾ**

**പ്രാദേശിക സ്വയംഭരണ സർക്കാരുകൾ**

127. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉപാധിരഹിത ഫണ്ട് 1375 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണം തുടങ്ങിയതിനുശേഷം ആദ്യമായി പ്രാദേശിക സ്വയംഭരണ

സർക്കാരുകൾക്ക് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപേ തന്നെ പദ്ധതി ആവിഷ്കരിക്കുന്നതിനു കഴിയുമെന്ന സവിശേഷത ഇത്തവണ ലഭിക്കുന്നു. അതായത് തദ്ദേശസ്ഥാപനങ്ങൾക്ക് പദ്ധതി നടത്തിപ്പിന് ആദ്യമായി 12 മാസവും പൂർണ്ണമായി ലഭിക്കുന്നു.

128. തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാററം ചെയ്യപ്പെട്ട വകുപ്പുകളുടെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിനു പരിയായി ഗ്രാമപഞ്ചായത്തുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് 40 കോടി രൂപയും നഗരസഭകളുടെയും മുനിസിപ്പാലിററികളുടെയും സേവനം മെച്ചപ്പെടുത്തുന്നതിന് 10 കോടി രൂപയും ഞാൻ നീക്കിവയ്ക്കുന്നു.

129. നടപ്പുവർഷം തുടങ്ങിയ സ്ഥാപനവൽക്കരണ ഉദ്യമങ്ങൾ പൂർത്തീകരിക്കുന്നതിന് 38.34 കോടി രൂപ ചെലവിൽ ഭരണനവീകരണ പദ്ധതിയിൽപ്പെടുത്തി 23 പദ്ധതികൾ ഏറെറടുക്കുന്നതാണ്. തദ്ദേശസ്ഥാനങ്ങളിൽ ഒക്ടോബർ ആദ്യം പുതിയ ഭരണസമിതി നിലവിൽ വരുമ്പോൾ പുതിയ നടപടി ക്രമങ്ങളും പദ്ധതികളും പ്രായോഗികതലത്തിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

130. തെരഞ്ഞെടുക്കപ്പെട്ട പ്രാദേശികഭരണകൂടങ്ങൾ ഗ്രാമനഗര വ്യത്യാസമില്ലാതെ ദാരിദ്രനിർമ്മാർജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന അപൂർവ്വ സ്ഥിതിവിശേഷം കേരളത്തിനുണ്ട്. SGRY, SGSY, IAY, IWDP, CRSP-TSC, SJSRY, VAMBAY എന്നീ 7 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 82.16 കോടി രൂപ മാററിവച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 234 കോടി രൂപ കേന്ദ്രസഹായമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

131. ഭരണച്ചെലവും മെയിൻറനൻസ് ചെലവും വഹിക്കുകയെന്നത് തദ്ദേശസ്ഥാപനങ്ങളുടെ ദീർഘകാലമായുള്ള പ്രശ്നമാണ്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഏതാവശ്യത്തിനും ഉപയോഗിക്കാവുന്ന ജനറൽ പർപ്പസ്സ് ഗ്രാൻറായി 255.59 കോടി രൂപയും കൈമാററം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതു ആസ്തികളുടെ മെയിൻറനൻസിനായി 401.64 കോടി രൂപയും നീക്കിവയ്ക്കുന്നു.

**പഞ്ചായത്തുകൾ**

132. ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന നിധിയുടെ ഏഴാം പദ്ധതിയിൽ പെടുത്തി 108 ഗ്രാമീണ മാർക്കററുകൾ സ്ഥാപിക്കുന്നതിനായി 103 പഞ്ചായത്തുകൾക്ക് നബാർഡ് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൻെറ പണികൾ വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരുന്നു. ഈ മാർക്കററുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതോടൊ ഗ്രാമീണമേഖലയിലും കാർഷികമേഖലയിലും ഒരു പുത്തനുണർവ്വ് ഉണ്ടാവുന്നതാണ്. ഈ പദ്ധതിക്ക് വേണ്ടി 2005–06 ലേയ്ക്ക് 7.50 കോടി രൂപ ഉപയോഗിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

133. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും കംപ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻെറ നേതൃത്വത്തിൽ നടന്നുവരുന്നു. പൈലററ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 5 പഞ്ചായത്തുകളിൽ ഈ വർഷത്തോടെ കംപ്യൂട്ടർ വൽക്കരണം പൂർത്തിയാക്കും.

134. പൊതുജനങ്ങൾക്കു മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് പഞ്ചായത്തുവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് തൃശ്ശൂരിലെ 'കില'യിൽ പരിശീലനം നൽകിവരുന്നു. ഇതിലേയ്ക്കുള്ള പ്രത്യേക ധനസഹായമായി ഞാൻ 231 ലക്ഷം രൂപ വകയിരുത്തുന്നു.

**നഗരകാര്യ വകുപ്പ്**

135. തദ്ദേശ നഗരസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് സർക്കാർ മുൻഗണന നൽകുന്നതാണ്. സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അർഹരായ ഇതര മുനിസിപ്പാലിററികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും ദാരിദ്രനിർമ്മാർജ്ജന നടപടികൾക്കും ഭരണസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഏഷ്യൻ വികസന ബാങ്കിൻെറ സഹായത്തോടെ 'കേരളാ സ്റ്റേററ് അർബൻ ഡവലപ്പ്മെൻറ് പ്രോജക്ട്' എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി തുടക്കത്തിൽ 30 കോടി രൂപ ഞാൻ ബജററിൽ നീക്കി വയ്ക്കുന്നു.

**ലോക്കൽ ഫണ്ട് ആഡിററ്**

136. ലോക്കൽ ഫണ്ട് ആഡിററിൻെറ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആഡിററർമാർക്ക് ഈ മേഖലയിലെ വിദഗ്ദ്ധന്മാരുടെ സഹായത്തോടെ ആധുനിക സങ്കേതങ്ങളിൽ പരിശീലനം നൽകുന്നതാണ്.

**ഭരണനവീകരണ പദ്ധതി**

137. ഭരണനവീകരണ പദ്ധതിയുടെ കീഴിൽ 2005–06 ൽ പ്രധാനമായും നടപ്പിലാക്കുന്നത് സേവനപ്രദാന പദ്ധതിയാണ്. പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്ക്, ലഭിക്കുന്ന സർക്കാർ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ ഒരു അതി വേഗ പദ്ധതിയായാണ് സേവനപ്രദാന പദ്ധതിയെ പരിഗണിക്കുന്നത്. നീതിപൂർവ്വവും എല്ലാവർക്കും തുല്യ അവസരം ലഭിക്കുന്ന ഉയർന്ന നിലവാരത്തിലുള്ളതുമായ സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു. 2005–06 ൽ ഭരണനവീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി ഞാൻ 285 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 5 കോടി രൂപ ഗവൺമെൻറ് സെക്രട്ടേറിയേററിലെ സേവനപ്രദമായ പദ്ധതിയുടെ മെച്ചപ്പെടുത്തലിനായി വിനിയോഗിക്കുന്നതാണ്.

**പ്രവാസിക്ഷേമ വകുപ്പ് (നോർക്ക)**

138. പ്രവാസി കേരളീയർക്ക് എല്ലാവിധ സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിന് തിരുവനന്തപുരത്ത് 400 ലക്ഷം രൂപ ചെലവിൽ 'നോർക്ക് സെൻറർ' സ്ഥാപിക്കുന്നതാണ്. സംസ്ഥാനം സന്ദർശിക്കുന്ന പ്രവാസി കേരളീയരുടെ ഔദ്യോഗികവും ബിസിനസ്സ് സംബന്ധവുമായ ആവശ്യങ്ങൾ ഈ കേന്ദ്രത്തിൽ നിർവ്വഹിക്കാവുന്നതാണ്.

139. വിദേശമലയാളികളെപ്പോലെതന്നെ കേരളസർക്കാർ പ്രത്യേക പരിഗണന നൽകുന്ന ജനവിഭാഗങ്ങളാണ് മറുനാടൻ മലയാളികളും വിദേശത്തുനിന്ന് മടങ്ങിയെത്തിയവരും. ഈ വിഭാഗങ്ങളിൽ കൂടുതൽ ദുരിതമനുഭവിക്കുന്നവരുടെ ക്ഷേമം മുൻനിർത്തി അവരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി നോർക്കാ വകുപ്പിൻെറ കീഴിലുള്ള നോർക്കാ – റൂട്ട്സ് എന്ന സ്ഥാപനത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഈ ആരോഗ്യ പദ്ധതിയിൽ ആദ്യഘട്ടമെന്ന നിലയിൽ 25000 പേർ അംഗങ്ങളാകും. ഇതിനാവശ്യമായ ഒരു നിശ്ചിത തുക സർക്കാർ സബ്സിഡിയായി നൽകും.

**തുറമുഖം**

140. വിഴിഞ്ഞം ഡീപ്വാട്ടർ ഇൻറർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെൻറ് ടെർമിനലിൻെറ വികസനത്തിനായി സ്വകാര്യ സംരംഭകരുടെ ദർഘാസുകൾ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ബി.ഒ.ടി വ്യവസ്ഥ

കൾക്ക് 2005–06 ൽ തന്നെ തീരുമാനിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിൽ സർക്കാരിനുള്ള പ്രതിബദ്ധതയ്ക്കു നിദാനമായി പദ്ധതിയുടെ ഫലപ്രദവും സമയബന്ധിതവുമായ നടത്തിപ്പിലേയ്ക്ക് സ്പെഷ്യൽ പർപ്പസ് കമ്പനി രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

**അച്ചടി**

141. നിർദ്ദിഷ്ട പ്രിൻറ് വില്ലേജ് പദ്ധതിയുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി അച്ചടി വകുപ്പിനെ നിയോഗിക്കുന്നതാണ്. സംസ്ഥാനത്തിൻെറ അച്ചടി ആവശ്യങ്ങൾ നിറവേററുന്നതിനും വിദേശ ഓർഡറുകൾ പോലും സ്വീകരിക്കുന്നതിനും പര്യാപ്തമാകുന്ന തരത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

**പൊതുമരാമത്ത്**

142. നടപ്പുവർഷം നബാർഡ് 92.82 കോടി രൂപ മുതൽ മുടക്കി 26 പാലങ്ങളുടെയും 14.15 കോടി രൂപ മുതൽ മുടക്കിൽ 12 റോഡുപ്രോജക്ടുകളുടെയും നിർമ്മാണത്തിന് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. 2005–06 വർഷത്തിൽ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണത്തിന് നബാർഡിൽ നിന്നും 350 കോടി രൂപ ലഭിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

143. സംസ്ഥാനത്ത് ദേശീയപാത 47,17 എന്നിവ നാലു വരിപ്പാതയാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രി 3053 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് ദ്രുതഗതിയിൽ സ്ഥലമെടുപ്പ് ഉറപ്പുവരുത്താൻ ഒരു ഫാസ്റ്റ് ട്രാക്ക് പദ്ധതിക്ക് സംസ്ഥാനം രൂപം നൽകിയിട്ടുണ്ട്.

144. ലോക ബാങ്ക് സഹായത്തോടുകൂടിയുള്ള കേരളാ സ്റ്റേററ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ററ് 2005–06 ൽ ഊർജ്ജിതമായി നടപ്പിലാക്കും. ഇതിനായി 575 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക മുൻകാലങ്ങളെ അപേക്ഷിച്ച് ഏററവും ഉയർന്ന വിഹിതമാണ്.

145. പൊതുമരാമത്ത്, ജലസേചന വകുപ്പുകളിലെ കരാറുകാർക്കുള്ള കുടിശ്ശിക നൽകുന്നതിന് ഏകദേശം 300 കോടി രൂപ ഇതിനകം തന്നെ സർക്കാർ അനുവദിച്ചു കഴിഞ്ഞു.

**ഊർജ്ജം**

146. പത്താം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തിൽ സംസ്ഥാനത്തെ എല്ലാ വീടുകളും വൈദ്യുതീ കരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2005–06 വർഷത്തിൽ അഞ്ച് ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ വൈദ്യുത ബോർഡ് ലഭ്യമാക്കുന്നതാണ്. മലയോരം, തീരദേശം, പട്ടികജാതി – പട്ടികവർഗ കോളനികൾ എന്നിവയുടെ വൈദ്യുതീകരണത്തിനായുള്ള പ്രത്യേക പദ്ധതി കേരള സംസ്ഥാന വൈദ്യുതി ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

147. നിർമ്മാണ ഘട്ടത്തിലുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാനാണ് സർക്കാർ കൂടുതൽ പ്രാധാന്യം നൽകുന്നത്. 2005–06 വർഷത്തിൽ വൈദ്യുതോൽപാദന പദ്ധതികൾക്കായി 17054 കോടി രൂപ യുടേയും, ശബരിഗിരി, നേര്യമംഗലം പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 42 കോടി രൂപയുടേയും നിക്ഷേപം ലക്ഷ്യമിടുന്നു.

148. 2005–06 വർഷത്തിൽ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും പ്രസരണ വിതരണ ശൃംഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ച് വൈദ്യുതിബോർഡ് രണ്ട് 220 കെ.വി. സബ് സ്റ്റേഷനുകളും,

ഏഴ് 110 കെ.വി. സബ് സ്റ്റേഷനുകളും, നാല് 66 കെ.വി. സബ് സ്റ്റേഷനുകളും, മുപ്പത്തിരണ്ട് 33 കെ.വി. സബ് സ്റ്റേഷനുകളും, 50 കി.മീ. 220 കെ.വി. ലൈനും, 120 കി.മീ. 110 കെ.വി. ലൈനും, 25 കി.മീ. 66 കെ.വി. ലൈനും, 400 കി.മീ. 33 കെ.വി ലൈനും, കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. വൈദ്യുതി വിതരണത്തിന് 2005–06 ൽ ഉദ്ദേശിക്കുന്ന അടങ്കൽ 297.53 കോടി രൂപയാണ്. 2005–06 വർഷത്തിൽ 393 കോടി രൂപയുടെ നിക്ഷേപം ലക്ഷ്യമിട്ടിട്ടുളള വിതരണ പദ്ധതികളിൽ 2000 കി.മീ. 11 കെ.വി. ലൈനിൻെറയും 550 കി.മീ.ലോ ടെൻഷൻ ലൈനിൻെറയും നിർമ്മാണവും 2000 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു. കേന്ദ്ര സഹായത്തിൻ കീഴിൽ എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 26 മുനിസിപ്പാലിററികളിൽ വോൾട്ടേജ് മെച്ചപ്പെടുത്താനുളള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കൂടാതെ എ.പി.ഡി.ആർ.പി. പദ്ധതിയിൽ തിരുവനന്തപുരത്ത് 163 കോടി രൂപയുടേയും, കൊച്ചിയിൽ 200 കോടി രൂപയുടേയും പ്രത്യേക പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്.

149. സ്വകാര്യ പങ്കാളിത്തത്തോടുകൂടി കാററിൽ നിന്നും വൈദ്യുതി ഉൽപ്പാദനത്തിനുളള വിൻഡ് എനർജി ഫാമുകൾ സ്ഥാപിക്കുന്നതിനുളള സർക്കാർ നയവും മാർഗനിർദ്ദേശങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലുളള രാമക്കൽമേടിൽ ഇതിനുളള സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ വൈദ്യുതീകരിക്കാത്ത കോളനികളിൽ ബയോമാസ് ഗ്യാസിഫയറുകൾ സ്ഥാപിക്കാൻ അനർട്ട് ഉദ്ദേശിക്കുന്നു.

150. എനർജി മാനേജ്മെൻറ് സെൻറർ ഉൾനാടൻ പ്രദേശങ്ങളിലെ ഓഫ്ഗ്രിഡ് മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാൻ മൂന്ന് മാതൃകാ മൈക്രോഹൈഡൽ പ്രോജക്ററുകൾ സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുതശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതു ലക്ഷ്യമിട്ട് സ്വകാര്യ മേഖലയിൽ 30 പദ്ധതികൾ സ്ഥാപിക്കാനുളള പഠന റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. ഊർജത്തിൻെറ കാര്യക്ഷമമായ വിനിയോഗം സംബന്ധിച്ചും റബ്ബർ, തേയില, ഓട്, ചുടുകൽ വ്യവസായങ്ങളിൽ മലിനീകരണ മുക്തമായ ഉൽപാദന സങ്കേതങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുളള പഠനങ്ങൾ എനർജി മാനേജ്മെൻറ് സെൻറർ നടത്തുന്നതാണ്.

**റവന്യൂ**

151. 1964ലേയും 1995ലേയും കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ പ്രകാരം പട്ടയത്തിനുളള 15.745 അപേക്ഷകൾ നിലവിലുണ്ട്. അർഹതപ്പെട്ട എല്ലാ അപേക്ഷകർക്കും 2005–06 ൽ പട്ടയം നൽകുന്നതാണ്. ഇടുക്കി, എറണാകുളം, തൃശൂർ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നും വനഭൂമി പതിച്ചു നൽകുന്ന തിനായി ലഭിച്ച 7731 അപേക്ഷകളിൽ അർഹരായ എല്ലാവർക്കും ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി ലഭിച്ച ശേഷം പട്ടയം നൽകുന്നതാണ്.

152. ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുളള ഭൂമി കണ്ടെത്തുന്നതിനുളള നടപടികൾ 2005–06 വർഷത്തോടെ പൂർത്തീകരിക്കുന്നതാണ്.

**രജിസ്ട്രേഷൻ**

153. രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിയ്ക്കുന്നതിനായി 400 ലക്ഷം രൂപ ഞാൻ ബജററിൽ നീക്കിവയ്ക്കുന്നു. ഇതിനുപുറമേ ഭരണനവീകരണ പദ്ധതിയിൽ രജിസ്ട്രേഷൻ വകുപ്പിലെ സേവനപ്രദാനം മെച്ചപ്പെടുത്തന്നതിനായി 7.50 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

154. സംസ്ഥാനത്ത് ആകെയുളള 308 സബ് രജിസ്ട്രാർ ആഫീസുകളിൽ 178 എണ്ണം സർക്കാർ

കെട്ടിടങ്ങളിലും 130 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഭരണാനുമതി നൽകിക്കഴിഞ്ഞ 17 ആഫീസ് കെട്ടിടങ്ങൾ നിർമ്മാണത്തിൻെറ വിവിധഘട്ടങ്ങളിലാണ്. 2005–06–ൽ 10 കെട്ടിടങ്ങൾ കൂടി നിർമ്മിക്കുന്നതാണ്. പുതിയ ആഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 105 ലക്ഷം രൂപ ഞാൻ ബജററിൽ നീക്കിവയ്ക്കുന്നു.

## ശാസ്ത്ര സാങ്കേതിക വകുപ്പ്

155. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് സംസ്ഥാനത്തെ വിവിധ ശാസ്ത്ര ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഗതിവേഗവും നൽകുന്നത്. കൗൺസിൽ ഏററെടുത്ത് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കുള്ള 7.07 കോടി രൂപയ്ക്ക് പുറമെ കൗൺസിലിൻെറ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി ബജററിൽ 30.50 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

156. ജൈവ സാങ്കേതികവിദ്യയുടെ പ്രാധാന്യം കണക്കിലെടുത്ത് കേരള സംസ്ഥാന ബയോടെക്നോളജി ബോർഡ്, കേരള സംസ്ഥാന ബയോടെക്നോളജി കമ്മീഷൻ എന്നിവയുടെ പ്രവർത്തന ചെലവിനായി 100 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസനം

157. കേരളത്തിലെ അഞ്ച് തെക്കൻ ജില്ലകളിലെ പട്ടികവർഗ്ഗ കുടികിടപ്പുമേഖലകളിൽ നീർത്തടാധിഷ്ഠിതമായി വികസനം നടത്തുന്നതിനുള്ള ഒരു പഠനം പട്ടികവർഗ്ഗവികസന വകുപ്പ് സെസ്സ് വഴി ഏററെടുത്തിട്ടുണ്ട്. ഇതിൻെറ ഭാഗമായി പൈലററ് പ്രോജക്ററ് എന്ന നിലയ്ക്ക് അഞ്ചു ജില്ലകളിലെ ഓരോ ഗ്രാമങ്ങളുടെ വികസന പദ്ധതി 2003 ആഗസ്റ്റിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ തോതിൽ ഭൂമി ലഭിയ്ക്കുന്ന മുറയ്ക്ക് എല്ലാ പാർപ്പിട മേഖലകളിലേയ്ക്കും ഘട്ടം ഘട്ടമായി പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഒന്നാം ഘട്ടത്തിൽ 225 ലക്ഷം രൂപ ചെലവിൽ 45 കോളനികളിൽ രണ്ടു വർഷത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

158. പട്ടികജാതിക്കാരുടെ സാമ്പത്തിക സാമൂഹ്യ വിദ്യാഭ്യാസ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പ് ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ സാങ്കേതിക സഹായത്തോടെ തീരെ ദരിദ്രരായ പട്ടികജാതി സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി പട്ടികജാതി പ്രൊമോട്ടർമാരുടെ സഹായത്തോടെ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും അതുവഴി ഇത്തരം സ്ത്രീകളെ ദൈന്യമായ ചുററുപാടുകളിൽ നിന്നും സ്വയം പര്യാപ്തതയിലേക്ക് ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നു.

## സാമൂഹ്യക്ഷേമം

159. ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്ന, പ്രത്യേകിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, കുടുംബത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിന് നിലവിലുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. ഇവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി പഞ്ചായത്തുതലത്തിൽ ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് സ്വകാര്യമേഖലയിൽ പ്രത്യേക സ്ക്കൂളുകൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ തയ്യാറായി മുന്നോട്ടുവരുന്ന 40 ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം സർക്കാർ നൽകുന്നതാണ്. ഇതിനു വേണ്ടി 2005–06–ൽ 200 ലക്ഷം രൂപ ബജററിൽ ഞാൻ വകയിരുത്തുന്നു.

160. സർക്കാരിൻെറ അടിയന്തിരശ്രദ്ധ പതിയേണ്ട ഒരു വിഷയമാണ് വൃദ്ധജനസംരക്ഷണം. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി അനുയോജ്യമായ ഒരു പദ്ധതി അടിയന്തിരമായി ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിയ്ക്കുന്നു. നഴ്സിംഗ്, ഫിസിയോതെറാപ്പി കോഴ്സുകളുടെ ഭാഗമായി വൃദ്ധജന സംരക്ഷണത്തിന് പ്രത്യേക പരിശീലനം നൽകുന്നതാണ്. വൃദ്ധജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട മെഡിക്കൽ കോളേജുകളിലും ജില്ലാ–താലൂക്ക് ആശുപത്രികളിലും, ആയുർവേദ ആശുപത്രികളിലും ജീറിയാട്രിക് വാർഡുകൾ ആരംഭിക്കുന്നതാണ്.

161. പ്രായാധിക്യംമൂലം വീടുകളിൽ ഒററപ്പെട്ടുകഴിയുന്നവരെ പുനഃരധിവസിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്വകാര്യമേഖലയിൽ വൃദ്ധസദനങ്ങൾ ആരംഭിയ്ക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്ന 40 പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയോ ചെലവിൻെറ 25 ശതമാനമോ ഏതാണോ കുറവ് അത് ഒററത്തവണ ഗ്രാൻറായി നൽകുന്നതാണ്. ഇതിനായി 200 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

162. ഇതിനെല്ലാം പുറമെ പ്രായമായവരുടെ അറിവുകളും പ്രാഗൽഭ്യവും കുട്ടികളും ചെറുപ്പക്കാരുമായി പങ്കുവെയ്ക്കുന്ന കെയറിംഗ് ആൻറ് ഷെയറിംഗ് എന്നൊരു പുതിയ പരിപാടി എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

163. അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കുമായുള്ള പ്രത്യേക പെൻഷൻ, അംഗതികൾക്കുള്ള പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, മററു സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, എന്നിവയാണ് സർക്കാർ നൽകി വരുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ. ഇതിൽ കർഷകത്തൊഴിലാളി പെൻഷൻ 31–03–2003 വരെയും മറെറല്ലാ പെൻഷനുകളും 31–03–2005 വരെയും നൽകുവാനുള്ള തുക 2004–05 ൽ തന്നെ അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ബാക്കി വേണ്ട തുക 2005–06 വർഷത്തിൽ നൽകും.

## സ്പോർട്സും യുവജനകാര്യവും

164. ഒളിമ്പിക്സിലെ ഒരു ഇനമായ ഷൂട്ടിംഗ് കേന്ദ്രസർക്കാരിൻെറ മുൻഗണനാപട്ടികയിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു. സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ ഷൂട്ടിംഗ് റേഞ്ചുകൾ ആരംഭിക്കുകയാണെങ്കിൽ ഇത് സംസ്ഥാനത്തിന് ദേശീയ–അന്തർദേശീയ തലങ്ങളിൽ നേട്ടങ്ങൾ ഉണ്ടാക്കുന്നതിന് സഹായിക്കും. ഷൂട്ടിംഗ് റേഞ്ച് സ്ഥാപിക്കുന്നതിനും, 2005–06 വർഷത്തിൽ ഇതിനാവശ്യമായ പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഞാൻ 50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

165. സ്പോർട്ട്സ് അതോറിററി ഓഫ് ഇന്ത്യ (സായ്) കേരളത്തിൽ 5 പരിശീലനകേന്ദ്രങ്ങൾ നടത്തുന്നുണ്ട്. സായിയുമായുള്ള കരാർ പ്രകാരം അടിസ്ഥാനസൗകര്യങ്ങളായ കെട്ടിടങ്ങൾ നൽകേണ്ടതും അവയുടെ അററകുററപ്പണിയും സംസ്ഥാനസർക്കാരിൻെറ ചുമതലയാണ്. ഈ പരിശീലന കേന്ദ്രങ്ങളുടെ വികസനത്തിനായി ഞാൻ 50 ലക്ഷം രൂപ വകയിരുത്തുന്നു.

166. 2005–06 ൽ എറണാകുളം ജില്ലയിൽ ഒരു നീന്തൽ കുളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 25 ലക്ഷം രൂപ ബജററിൽ വകയിരുത്തുന്നു. തിരുവനന്തപുരത്തെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൻെറ നവീകരണത്തിനായി 50 ലക്ഷം രൂപയും നാട്ടികയിലെ ഇൻഡോർ സ്റ്റേഡിയത്തിൻെറ രണ്ടാംഘട്ട നിർമ്മാണത്തിനായി 25 ലക്ഷം രൂപയും നീക്കിവയ്ക്കുന്നുണ്ട്.

167. തിരുവനന്തപുരത്തെ ഏവിയേഷൻ ട്രെയിനിംഗ് സെൻററിന് ഒരു വിമാനം വാങ്ങുന്നതിനുവേണ്ടി 200 ലക്ഷം രൂപ ബജററിൽ ഞാൻ വകയിരുത്തുന്നു.

168. കായിക രംഗത്ത് പ്രോൽസാഹനം നൽകുന്നതിനായി മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ഒരു സ്പോർട്ട്സ് സ്ക്കൂൾ ആരംഭിക്കുന്നതാണ്.

### ഗതാഗതം

169. റോഡ് ഗതാഗതത്തിൽ ഉണ്ടായ വർദ്ധന റോഡ് അപകടങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതുമൂലം ധാരാളം പേരുടെ ജീവനും സ്വത്തുക്കളും നഷ്ടപ്പെടുന്നതിനും കാരണമായിത്തീർന്നിട്ടുണ്ട്. കാൽനടയാത്ര ക്കാരെ റോഡ് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനു വേണ്ടി മാധ്യമങ്ങൾ വഴി ആവശ്യമായ പ്രചരണം നൽകുന്നതിനും സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷയെക്കുറിച്ച് പരിശീലനം നൽകുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കും.

170. 2005–06 ൽ കേരളാ സ്റ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ 600 പുതിയ ബസ്സുകൾ നിരത്തിലിറക്കും. കൂടാതെ ദീർഘദൂര റൂട്ടുകളിലേയ്ക്ക് 25 എയർകണ്ടീഷൻഡ് എക്സ്പ്രസ് ബസ്സുകളും പുതുതായി ഇറക്കും. വർക്ക് ഷോപ്പ് ആധുനികവൽക്കരിക്കുക, ഘട്ടം ഘട്ടമായി ഇ–ഗവേർണൻസ് നടപ്പിലാക്കുക. എല്ലാ ഷെഡ്യൂളുകളിലും ഇലക്ട്രോണിക് ടിക്കററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവയാണ് 2005–06 ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മററു വികസന പ്രവർത്തനങ്ങൾ.

171. ജലഗതാഗത വകുപ്പ് 2005–06 ൽ 6 പുതിയ ബോട്ടുകൾ വാങ്ങുന്നതാണ്. വൈക്കം സ്റ്റേഷനിൽ യാത്രക്കാർക്കുവേണ്ടി ഒരു വിശ്രമ മുറി നിർമ്മിക്കുന്നതാണ്.

### വിനോദ സഞ്ചാരം

172. കേരള സർക്കാർ ടൂറിസത്തെ സംസ്ഥാന വികസനത്തിനുള്ള ഉപാധികളിൽ ഒന്നായി അംഗീകരി ച്ചിട്ടുണ്ട്. കേരളം ഇന്ന് രാജ്യത്തെ ഏററവും പ്രധാന വിനോദ സഞ്ചാര കേന്ദ്രമാണ്. വിനോദ സഞ്ചാര വികസനത്തിന് ഏററവുമധികം പദ്ധതി വിഹിതം നീക്കിവയ്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2005–06 ൽ നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കാനാണ് ശ്രദ്ധ പതിപ്പിക്കുന്നത്. ജലവിനോദം, സാഹസിക വിനോദ സഞ്ചാരം എന്നിവയ്ക്ക് മുൻഗണന നൽകുന്നതാണ്.

173. കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ഒരു ജില്ലയിൽ കുറഞ്ഞത് ഒരു വിനോദ സഞ്ചാര കേന്ദ്രമെങ്കിലും സമഗ്രമായി വികസിപ്പിക്കുന്നതാണ്. കുമ്പളങ്ങി ടൂറിസ്റ്റ് വില്ലേജ്, ആലപ്പുഴ യിലെ കയർ വില്ലേജ് എന്നിവയുടെ മാതൃകയിൽ ഗ്രാമീണ വിനോദ സഞ്ചാര സൗകര്യങ്ങൾ സംസ്ഥാന ത്തൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പര്യടന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതാണ്.

174. കേരളത്തിൻെറ ടൂറിസം വിപണന സാദ്ധ്യതകൾ തെക്കു കിഴക്കേഷ്യൻ രാജ്യങ്ങളിലും അമേരിക്ക യിലും വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കൈക്കൊള്ളും. ടൂറിസം വകുപ്പിനേയും ഡി.ററി.പി.സി കളേയും ടൂറിസം രംഗത്തെ നൂതന സാങ്കേതിക പ്രൊഫഷണൽ വികസനങ്ങളെ ഉൾക്കൊള്ളാൻ സജ്ജമാക്കും.

175. കിററ്സ് നടത്തിവരുന്ന എല്ലാ കോഴ്സുകൾക്കും സർവ്വകലാശാലയുടെയും എ.ഐ.സി.ററി.ഇ.

യുടെയും അംഗീകരാരം ലഭിയ്ക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളും. ടൂറിസം രംഗത്തെ മാനവശേഷി വികസനം, ഭാരതീയ പാചകം എന്നിവ അടിസ്ഥാനമാക്കി പുതിയ കോഴ്സുകൾ കിററ്സിൽ ആരംഭിക്കും.

## ഭാഗം – ബി

176. ഇനി ഞാൻ നികുതി നിർദ്ദേശങ്ങളിലേയ്ക്ക് കടക്കാം. നേരത്തേ സൂചിപ്പിച്ചതുപോലെ, നാം ഇപ്പോൾ നികുതി സമ്പ്രദായത്തിൻെറ ഒരു സുപ്രധാന പരിഷ്ക്കരണത്തിൻെറ പടിവാതിൽക്കൽ ആണ്. മൂല്യ വർദ്ധിത നികുതി നടപ്പാക്കുന്നതോടെ വിൽപ്പന നികുതി സമ്പ്രദായത്തിൽ സമൂലവും സമഗ്രവുമായ മാററമുണ്ടാകും. പുതിയ സമ്പ്രദായത്തിൽ നികുതിദായകരെ സ്വയം നികുതി നിർണ്ണയം നടത്താൻ അനുവദിക്കുകയും നികുതി നിരക്കുകളുടെ എണ്ണം കേവലം 5 ആയി കുറയുകയും, നിലവിലുള്ള നികുതി ഇളവുകളും കിഴിവുകളും നിർത്തലാക്കപ്പെടുകയും നികുതി സമ്പ്രദായം വളരെ സുതാര്യമാവുകയും ചെയ്യും. 130–ഓളം രാജ്യങ്ങളിൽ നികുതി ദായകർക്കും സർക്കാരിനും ഒരേ പോലെ പ്രയോജനപ്രദമായി കണ്ടിട്ടുള്ള ഈ സമ്പ്രദായം. വിവിധ വസ്തുക്കളുടെ ഉപഭോഗത്തിൽ മുന്നിട്ടു നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിലും വളരെ ഗുണപ്രദമായിരിക്കും എന്ന് പ്രതീക്ഷിക്കാൻ വകയുണ്ട്.

177. 2003 ഫെബ്രുവരി മാസത്തിലാണ് ഈ ബഹുമാന്യ സഭ മൂല്യവർദ്ധിത നികുതി ബിൽ പാസ്സാക്കിയത്. പുതിയ സമ്പ്രദായം നടപ്പാക്കുന്നത് പിന്നീട് മാററിവച്ചെങ്കിലും കഴിയുന്നത്ര വിഷയങ്ങളിൽ പൊതുധാരണ ഉണ്ടാക്കുന്നതിനു വേണ്ടി കേന്ദ്ര–സംസ്ഥാന ഗവൺമെൻറുകൾ മൂല്യ വർദ്ധിത നികുതിയെക്കുറിച്ച് തുടർന്നും ആശയവിനിമയം നടത്തിവരികയായിരുന്നു. ഇതിൻെറ ഫലമായി, സംസ്ഥാന ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതി പുതിയ സമ്പ്രദായത്തിൻെറ ഘടനയിൽ കുറെ മാററങ്ങൾ വരുത്തിയിട്ടുണ്ട്. ഇവയ്ക്ക് അനുസൃതമായി നമ്മുടെ നിയമത്തിലും ഉചിതമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. പ്രസ്തുത ഭേദഗതികൾ മൂല്യവർദ്ധിത നികുതി നിയമത്തിൽ കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നു.

178 (i) മേൽപ്പറഞ്ഞ മാററങ്ങളിൽ ഏററവും പ്രധാനപ്പെട്ട ഒന്ന് നികുതി ദായകർ സ്വയം നികുതി നിർണ്ണയിക്കാൻ ഉള്ള വ്യവസ്ഥയാണ്. നികുതി നിർണ്ണയം പ്രധാനമായും ഈ രീതിയിലാണ് നടക്കേണ്ടതെന്നും ഇതിനായി സുവ്യക്തമായ ഒരു വ്യവസ്ഥ നിയമത്തിൽ വേണമെന്നും സംസ്ഥാന സർക്കാരുകൾ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വ്യവസ്ഥയിലൂടെ, നികുതി വകുപ്പ് നികുതി ബാദ്ധ്യത തിട്ടപ്പെടുത്തുന്ന സമ്പ്രദായം ഇല്ലാതാകുന്നു. ക്രമക്കേടുകളോ നികുതി വെട്ടിപ്പോ കണ്ടുപിടിക്കുമ്പോൾ മാത്രമേ ഇത്തരം നികുതി നിർണ്ണയം ഉണ്ടാവുകയുള്ളൂ.

(ii) പുതിയ സമ്പ്രദായം നടപ്പിലാക്കുമ്പോൾ, ഉൽപാദനത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾക്കുള്ള നികുതി 4% ആയി കുറയും. ഇതുമൂലം ഉൽപാദനചെലവ് കുറയുന്നത് വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് വളരെ സഹായകരമായിരിക്കും.

(iii) മൂല്യ വർദ്ധിത നികുതി നടപ്പിലാകുന്നതോടെ, വ്യവസായികൾക്ക് നികുതിയൊഴിവു നൽകുന്ന സമ്പ്രദായം നിർത്തലാകും. എന്നാൽ ഇപ്പോൾ നികുതിയൊഴിവ് ലഭ്യമായിട്ടുള്ള വ്യവസായങ്ങൾക്ക് ഒഴിവിൻെറ പരിധി തീരുന്നതുവരെ ഈ ആനുകൂല്യം നീട്ടിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം വ്യവസായങ്ങൾക്ക് നികുതി പിരിക്കാനും. നികുതിയൊഴിവിൻെറ കാലാവധി തീരുന്നതുവരെ പിരിച്ച നികുതി അടയ്ക്കുന്നത് നീട്ടിവയ്ക്കാനും ആവശ്യമായ വ്യവസ്ഥ മൂല്യ വർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം അടവു നീട്ടിവയ്ക്കുന്ന നികുതി, നികുതി ഒഴിവിൻെറ കാലാവധിക്കുശേഷം 60 തുല്യ മാസഗഡുക്കളായി അടയ്ക്കാനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തുന്നതാണ്.

(iii) ദേശീയതലത്തിൽ ഉണ്ടായിട്ടുള്ള മറ്റൊരു പ്രധാന തീരുമാനം മൂലധന ആസ്തികളിൻമേലുള്ള നികുതി കിഴിവ് വ്യവസായികൾക്കു മാത്രമല്ല വ്യാപാരികൾക്കും ലഭ്യമാക്കണം എന്നതാണ്. മൂലധന ആസ്തികൾ വാങ്ങുമ്പോൾ നൽകുന്ന നികുതി അടുത്ത മൂന്നുകൊല്ലത്തിനുള്ളിൽ തുല്യ മാസഗഡുക്കളായി സ്വന്തം നികുതി ബാദ്ധ്യതയിൽ നിന്ന് നികുതി ദായകർക്ക് കിഴിവു ചെയ്യാവുന്നതാണ്. മൂലധന ആസ്തികളുടെ നിർവ്വചനവും നികുതി കിഴിവ് സംബന്ധിച്ച വ്യവസ്ഥകളും ഇതിനായി ഭേദഗതി ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു:

(v) പ്രാദേശികമായി പ്രാധാന്യമുള്ള വിവിധ ഇനങ്ങൾ വിൽപ്പന നികുതിയിൽ നിന്നും പല സംസ്ഥാനങ്ങളും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം 46 ഇനങ്ങളിൽ നിന്നും 10 എണ്ണം വീതം സംസ്ഥാനങ്ങൾക്ക് തിരഞ്ഞെടുക്കാവുന്നതാണെന്ന് ധനകാര്യ മന്ത്രിമാരുടെ ഉന്നതാധികാര സമിതി വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൽ സവിശേഷ പ്രാധാന്യമുള്ള ഇനിപ്പറയുന്ന വസ്തുക്കളെ നികുതിയിൽ നിന്നും ഒഴിവാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു:

1) പുൽപ്പായ
2) തഴപ്പായ
3) ഖാദി–ഗ്രാമവ്യവസായ കമ്മീഷൻ നോട്ടിഫൈ ചെയ്ത ഉൽപന്നങ്ങൾ
4) തൊണ്ട്, ചകിരി, കയർ, റബ്ബർ ചേർത്തത് ഒഴിച്ചുള്ള കയർ ഉൽപ്പന്നങ്ങൾ
5) കോടതികൾ ഉപയോഗിക്കുന്ന ഫോമുകളും പി.എസ്.സി. അപേക്ഷ ഫോമുകളും.
6) റേഷൻ വിതരണത്തിനായി കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഡിപ്പോകളിൽ നിന്ന് ലഭ്യമാക്കപ്പെടുന്ന അരി

(v) മൂല്യവർദ്ധിത നികുതി നിയമത്തിലെ പിഴ, ശിക്ഷ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ നിലവിലുള്ള വിൽപന നികുതി നിയമത്തിലെ വ്യവസ്ഥകളെക്കാൾ കഠിനമാകരുതെന്ന് ധനകാര്യവകുപ്പു മന്ത്രിമാരുടെ ഉന്നതാധികാര സമിതി തീരുമാനിച്ചിരുന്നു. ഇതിനനുസൃതമായി നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതാണ്.

(vi) അന്താരാഷ്ട്ര തലത്തിൽ തുടർന്നു പോരുന്ന സമ്പ്രദായം അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും കയററുമതി ചെയ്യപ്പെടുന്ന വസ്തുക്കളെ വിൽപന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പുതിയ നികുതി സമ്പ്രദായം നിലവിൽ വരുമ്പോൾ ഇത്തരം നികുതി ഒഴിവുകൾ എടുത്തുകളയുന്നതുകൊണ്ട്, കയററുമതിക്കാർ ഉല്പാദനത്തിനായി സംഭരിക്കുന്ന വസ്തുക്കൾക്ക് നൽകുന്ന നികുതി മൂന്നു മാസത്തിനകം അവർക്ക് തിരിച്ച് നൽകാനുള്ള വ്യവസ്ഥ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്. 100% കയററുമതി നടത്തുന്ന വ്യവസായങ്ങൾ, പ്രത്യേക സാമ്പത്തിക മേഖലയിലുള്ള സംരംഭങ്ങൾ, സോഫ്ററ്‌വെയർ ടെക്നോളജി പാർക്കുകൾ, ഹാർഡ്‌വെയർ ടെക്നോളജി പാർക്കുകൾ എന്നിവയ്ക്കും വിദേശ എംബസികൾക്കും ഈ വ്യവസ്ഥ ബാധകമായിരിക്കും.

vii) മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വരുന്ന സമയത്ത് വ്യാപാരികളുടെയും വ്യവസായികളുടെയും കൈവശമുള്ള സ്റ്റോക്കിന്മേൽ അവർ നൽകിയിട്ടുള്ള നികുതിക്ക് കിഴിവ് കൊടുക്കേണ്ടത് ഒരു പ്രധാനമായ ആവശ്യമാണ്. 2004–05 സാമ്പത്തിക വർഷത്തിൽ സംഭരിച്ചിട്ടുള്ള വസ്തുക്കൾക്ക് ഇപ്രകാരം കിഴിവ് നൽകാൻ ആവശ്യമായ വ്യവസ്ഥകൾ പുതിയ നികുതി നിയമത്തിലും ചട്ടങ്ങളിലും ഉൾപ്പെടുത്തുന്നതാണ്.

viii)വ്യാപാരികളും വ്യവസായികളും സംഭരിക്കുന്ന വസ്തുക്കൾക്ക് ലഭിക്കുന്ന **ഇൻപുട്ട് ടാക്സ് ക്രെഡിററ്** അതേ സാമ്പത്തിക വർഷം അവസാനത്തിനുള്ളിൽ അവർ കൊടുക്കേണ്ട നികുതിയ്ക്കെതിരെ തട്ടിക്കിഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം അവസാനം വരെ അതിനു സമയം നൽകുന്നതാണ്. ഈ കാലാവധിക്കുള്ളിലും അപ്രകാരം തട്ടിക്കിഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ ബാക്കിയുള്ള ഇൻപുട്ട് ടാക്സ് ക്രഡിററ് തുല്യമായ തുക അവർക്ക് തിരിച്ചു നൽകുന്നതാണ്.

ix) തേയില വ്യവസായം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ കണക്കിലെടുത്ത് തേയിലക്കുള്ള നികുതി 4% ആയി തുടരുന്നതാണ്.

x) നമ്മുടെ പ്രധാന ഭക്ഷ്യധാന്യങ്ങളായ അരിക്കും ഗോതമ്പിനുമുള്ള നികുതി 1% ആയി നില നിർത്തുന്നതാണ്.

xi) നികുതി നിർണ്ണയം നടത്തുന്നത് സങ്കീർണ്ണമായിട്ടുള്ള ചില മേഖലകളിൽ പല സംസ്ഥാനങ്ങളും **കോംമ്പൗണ്ടിംഗ് സമ്പ്രദായം** വിൽപന നികുതി നിയമത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ വർക്ക്സ് കോൺട്രാക്ടുകൾ, മെററൽ ക്രഷിംങ്ങ്, പാചകം ചെയ്ത ഭക്ഷ്യപദാർത്ഥങ്ങൾ. ആഭരണങ്ങൾ, ഭാഗ്യക്കുറികൾ, വീഡിയോ കാസററ് ലൈബ്രറികൾ എന്നിവയ്ക്കാണ് ഈ സമ്പ്രദായം നിലവിലുള്ളത്. വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള സാഹചര്യങ്ങൾ വളരെ വ്യത്യസ്തമായതിനാൽ, ഏകീകൃതമായ ഒരു സംവിധാനം ഈ മേഖലയിൽ ഏർപ്പെടുത്തുന്നത് പ്രായോഗികമാവില്ല എന്ന അഭിപ്രായമാണ് ദേശീയതലത്തിൽ ഉണ്ടായിട്ടുള്ളത്. അതിനാൽ വിൽപന നികുതി നിയമത്തിൽ നിലവിലുള്ള **കോംമ്പൗണ്ടിംഗ്** സമ്പ്രദായം തന്നെ പുതിയ നിയമത്തിലും ഏർപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിന് പുറത്തു നിന്ന് വസ്തുക്കൾ സംഭരിക്കുന്നവർക്കും സംസ്ഥാനത്തിനകത്ത് ആദ്യ വിൽപന നടത്തുന്നവർക്കും കോംമ്പൗണ്ടിംഗ് സമ്പ്രദായം ബാധകമായിരിക്കില്ല. ആഭരണങ്ങൾക്കുള്ള നികുതി 1% ആയി കുറച്ചിട്ടുള്ളതിനാൽ അവയ്ക്കും. ഭാഗ്യക്കുറികൾ നിരോധിച്ചതിനാൽ അവയ്ക്കും കോംമ്പൗണ്ടിംഗ് സമ്പ്രദായം ബാധകമായിരിക്കില്ല.

xii)സംസ്ഥാനത്തിനു പുറത്തേയ്ക്ക് ഉൽപന്നങ്ങളും മററു വസ്തുക്കളും കൊണ്ടുപോകുമ്പോൾ സംസ്ഥാനത്തിനുള്ളിൽ കൊടുത്തിട്ടുള്ള നികുതിക്ക് കിഴിവ് നൽകണമെന്നത് മൂല്യവർദ്ധിത നികുതിയുടെ ഒരു പ്രധാന തത്വമാണ്. അതിനാൽ മററു സംസ്ഥാനങ്ങളിലേയ്ക്ക് വിൽപന നടത്തുന്ന വസ്തുക്കൾക്ക് നൽകിയ നികുതിക്ക് പൂർണ്ണമായും കിഴിവ് കൊടുക്കുന്നതാണ്. **സ്റേറാക്ക് ട്രാൻസ്ഫർ** നടത്തുകയാണെങ്കിൽ സംസ്ഥാനത്തിനുള്ളിൽ നൽകിയ നികുതിയിൽ നിന്ന് 4% കഴിച്ചുള്ള സംഖ്യ കിഴിവ് നൽകുന്നതാണ്. ഇതിനായി മൂല്യവർദ്ധിത നികുതി നിയമത്തിലെ 12–ാം വകുപ്പ് ഭേദഗതി ചെയ്യുന്നതാണ്.

xiii)മൂല്യവർദ്ധിത നികുതി ഏകീകൃതവും സുതാര്യവും ആക്കുന്നതിനായി നിയമത്തിന് അനുബന്ധ മായി ചേർക്കുന്ന പട്ടികകൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാകണമെന്ന് ധനകാര്യ വകുപ്പ് മന്ത്രിമാരുടെ ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്രതലത്തിൽ സ്വീകൃത മായിട്ടുള്ള "Harmonized System of Nomenclature" അനുസരിച്ച് വിവിധ വസ്തുക്കളുടെ പട്ടികകൾ തയ്യാറാക്കുന്നതാണ്. സംസ്ഥാനങ്ങൾ തമ്മിലും സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെൻറും തമ്മിലും നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ പതിവായി കൈമാറുന്നതിനും ഈ സമ്പ്രദായം

സഹായകരമായിരിക്കും. മൂല്യവർദ്ധിത നികുതി നിയമത്തിൽ, നികുതി ഒഴിവാക്കിയ വസ്തുക്കളുടെയും 1% 4% എന്നീ നിരക്കുകളിൽ നികുതി ബാധകമായ വസ്തുക്കളുടെയും പ്രത്യേക പട്ടികകൾ ഉണ്ടായിരിക്കും. ബാക്കി എല്ലാ വസ്തുക്കൾക്കും 125% നിരക്കിൽ നികുതി ചുമത്തേണ്ടതിനാൽ ഇവയ്ക്ക് ഒരു പ്രത്യേക പട്ടിക ഉണ്ടായിരിക്കുന്നതല്ല. മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിൽ ഉൾപ്പെടുത്താത്ത വസ്തുക്കൾ ഒരു പ്രത്യേക പട്ടികയിൽ കാണിക്കുന്നതാണ്.

xiv മൂല്യവർദ്ധിത നികുതി ബിൽ ഈ ബഹുമാന്യസഭ പാസ്സാക്കിയ സമയത്ത്, അന്ന് നിലവിലുള്ള പൊതുധാരണ അനുസരിച്ച് എല്ലാ പെട്രോളിയം ഉൽപന്നങ്ങളെയും പുതിയ സമ്പ്രദായത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ഇവയിൽ പല ഉൽപന്നങ്ങളും തുടർന്ന് സംസ്കരണത്തിനും ഉൽപാദനത്തിനും വിധേയമാവുന്നതിനാൽ, പെട്രോൾ ഡീസൽ, ഏവിയേഷൻ ടർബൈൻ ഫ്യുവൽ എന്നിവ മാത്രം മൂല്യവർദ്ധിത നികുതിയിൽ നിന്നും ഒഴിവാക്കാൻ ധനകാര്യമന്ത്രിമാരുടെ ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ട്. മൂല്യവർദ്ധിത നികുതി നിയമത്തിലെ 4–ാം പട്ടിക ഇതിനനുസൃതമായി ഭേദഗതി ചെയ്യുന്നതാണ്.

xv കേരള പൊതു വിൽപന നികുതി നിയമം റദ്ദാക്കാനുള്ള ഒരു വ്യവസ്ഥ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൂടുതൽ നികുതി വരുമാനം ലഭിക്കുന്ന കുറെയിനങ്ങൾ വിൽപന നികുതി നിയമത്തിലെ നിരക്കുകൾ അനുസരിച്ച് തുടർന്നും നികുതിയ്ക്ക് വിധേയമായതിനാൽ പ്രസ്തുത നിയമം നിലനിർത്താനാണ് ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നത്. തത്ഫലമായി വേണ്ടിവരുന്ന ഭേദഗതികൾ വിൽപന നികുതി നിയമത്തിലും ചട്ടങ്ങളിലും വരുത്തുന്നതാണ്.

xvi നികുതി അടയ്ക്കാൻ താമസം വരുമ്പോൾ ചുമത്തുന്ന പലിശ നിരക്ക് വളരെ അധികമാണെന്നും ആയത് കുറയ്ക്കണമെന്നും നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. നിലവിൽ 24% ഉള്ള പലിശ നിരക്ക്, ആദായ നികുതി നിയമത്തിലെ നിരക്കിന് തുല്യമായ 12% ആയി കുറയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. വിൽപന നികുതി നിയമത്തിലും ആഡംബര നികുതി നിയമത്തിലും ഈ കുറവ് വരുത്തുന്നതാണ്.

xiv നികുതി വകുപ്പിൻെറ പ്രവർത്തനം മെച്ചപ്പെടുത്താൻ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ടത് അനിവാര്യമാണ്. മൂല്യവർദ്ധിത നികുതി നടപ്പിലാക്കുമ്പോൾ നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകളും മററുരേഖകളും വിശദമായി പരിശോധിക്കേണ്ടത് വളരെ പ്രധാനമായ ഒരു ആവശ്യമാണ്. ഇത് ഫലപ്രദമായി ചെയ്യുന്നതിനുവേണ്ടി, "ഇൻപുട്ട് ടാക്സ് ക്രെഡിററ്," "സെററ് ഓഫ് എന്നിവ ലഭിക്കേണ്ട നികുതി ദായകർ ഇലക്ട്രോണിക് സംവിധാനങ്ങൾ വഴി റിട്ടേണുകളും മററു രേഖകളും സമർപ്പിക്കണം എന്ന വ്യവസ്ഥ മൂല്യവർദ്ധിത നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. നികുതി ദായകർക്ക് ഇലക്ട്രോണിക് ഐഡൻറിററികാർഡുകൾ നൽകാനുള്ള ഒരു വ്യവസ്ഥയും ഉൾപ്പെടുത്തുന്നതാണ്.

xviii. നികുതി ദായകർ രജിസ്ട്രേഷൻ പുതുക്കുന്നതിനും സെയിൽസ്മാൻ പെർമിററ് എടുക്കുന്നതിനും എക്സിബിഷൻ, എക്സ്ചേഞ്ച് മേള, തുടങ്ങിയവയ്ക്കുള്ള അനുവാദം വാങ്ങുന്നതിനുള്ള ഫീസിന് ഇപ്പോൾ വിൽപന നികുതി നിയമത്തിൽ ഉള്ള നിരക്കുകൾ തന്നെ തുടരുന്നതാണ്. ഇതിനായി മൂല്യവർദ്ധിത നികുതി നിയമത്തിലെ 16, 19 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതാണ്.

xix സംസ്ഥാനങ്ങൾ തമ്മിലും, സംസ്ഥാനങ്ങളും കേന്ദ്രഗവൺമെൻറും തമ്മിലും നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ പതിവായി കൈമാറുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണമെന്ന് ധനകാര്യമന്ത്രിയുടെ ഉന്നതാധികാരസമിതി തീരുമാനിച്ചിട്ടുണ്ട്, പുതിയ നികുതി സംവിധാനം സുതാര്യമാകുനതിനും നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണിത്. ഇതിന് ഉപോൽബലകമായ ഒരു വ്യവസ്ഥ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു.

xx. നികുതിദായകരുടെ കണക്കുകളും മററു രേഖകളും പതിവായി പരിശോധിക്കാനുള്ള ഓഡിററ് എന്ന സമ്പ്രദായം മൂല്യവർദ്ധിത നികുതിയുടെ ഒരു പ്രധാന ഘടകമാണ്. നികുതി പിരിന് മെച്ചപ്പെടുത്തുന്നതിനു പുറമേ, നികുതിദായകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അപാകതകൾ തിരുത്തുന്നതിനും അവരെ സഹായിക്കുന്നതിനും കൂടി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ സംവിധാനം. ഇതിൻെറ നടപടി ക്രമങ്ങൾ വിജ്ഞാപനം വഴി കാലാകാലങ്ങളിൽ തീരുമാനിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താനായി നിയമത്തിൻെറ 23-ാം വകുപ്പിൽ ഒരു വ്യവസ്ഥ ഉൾപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു.

xxi നമ്മുടെ സംസ്ഥാനത്തെ വ്യാപാരികളിൽ 60 ശതമാനത്തോളം ഉപഭോക്താക്കൾക്ക് വസ്തുക്കൾ വിൽക്കുന്ന ചെറുകിട വ്യപാരികളാണ്. ഇവർക്ക് "ഇൻപുട്ട് ടാക്സ് ക്രെഡിററ്"ലഭ്യമല്ലാത്തതിനാൽ, ഇവർക്ക് ഏർപ്പെടുത്തുന്ന നികുതി സംബന്ധിച്ച് അനുയോജ്യമായ ഒരു പ്രത്യേക സംവിധാൻ ആവശ്യമാണ്. ഇക്കാര്യത്തിൽ തീരുമാനിച്ചിട്ടുള്ളത്, 5 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ വാർഷിക വിററുവരവുള്ള ചെറുകിട വ്യാപാരികൾ വിററുവരവിൻെറ 1% മാത്രം നികുതി അടച്ചാൽ മതിയാകും എന്നാണ്.

xxii പുതിയ സമ്പ്രദായം ചെറുകിട വ്യാപാരികൾക്ക് ദോഷകരമാവുമെന്ന് പലരും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. ഈ ആശങ്കകൾ ദുരീകരിക്കാനും ചെറുകിട വ്യാപാരികൾക്ക് ബാധകമായ നടപടിക്രമങ്ങൾ ഏററവും ലളിതവും സുതാര്യവുമാക്കുന്നതിനും വേണ്ടി, താഴെപ്പറയുന്ന മാററങ്ങൾ നിയത്തിലും ചട്ടങ്ങളിലും കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നു.

a. പുതിയ നിയമമനുസരിച്ച് രജിസ്ട്രേഷൻ എടുക്കുവാനുള്ള നടപടിക്രമം ഏററവും ലളിതമാകും. ഐഡൻറിററി സംബന്ധിച്ച് സ്വീകാര്യമായ തെളിവും വ്യാപാരസ്ഥലത്തിൻെറ മേൽവിലാസം സംബന്ധിച്ച തെളിവും ഹാജരാക്കിയാൽ വിററുവരവിൻെറ 1% നികുതി അടയ്ക്കേണ്ട വ്യാപാരികൾക്ക് മററ് നിബന്ധനകളൊന്നും കൂടാതെ രജിസ്ട്രേഷൻ നൽകുന്നതാണ്.

b പുതിയ രജിസ്ട്രേഷൻ എടുക്കുന്ന മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വ്യാപാരികൾ സെക്യൂരിററി ഡെപ്പോസിററ് നൽകേണ്ടതില്ല.

c. വിററുവരവിൻെറ 1% നികുതി അടയ്ക്കുന്ന ചെറുകിട വ്യാപാരികൾ കണക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതില്ല. നികുതി വെട്ടിപ്പോ, മററ് സാരമായ ക്രമക്കേടുകളോ കണ്ടെത്തിയാൽ മാത്രമേ കണക്കുകളോ വ്യാപാര സ്ഥലമോ പരിശോധിക്കുകയുള്ളു.

d. ഈ വിഭാഗത്തിലുള്ള ചെറുകിട വ്യാപാരികൾ മൂന്നുമാസത്തിലൊരിക്കൽ ഒരു ലളിതമായ ഫോമിൽ റിട്ടേൺ സമർപ്പിക്കുകയും വിററുവരവിൻെറ 1% നികുതി അടയ്ക്കുകയും മാത്രമേ ചെയ്യേണ്ടതുള്ളു.

xxiii. 2005–06 ആദ്യത്തെ മൂന്നൂമാസം പുതിയ നിയമമനസരിച്ച് രജിസ്ട്രേഷൻ നൽകുന്നതിനായി ഒരു പ്രത്യേക യജ്ഞം നടത്താൻ ഞാൻ ഉദ്ദേശിക്കുന്നു. 31–03–2005 ന് രജിസ്ട്രേഷൻ ഉള്ള എല്ലാ വ്യാപാരികൾക്കും കൂടുതൽ നിബന്ധനകളോ കൂടുതൽ സെക്യൂരിററി ഡെപ്പോസിറേറാ ഇല്ലാതെ രജിസ്ട്രേഷൻ നൽകുന്നതാണ്. 30–06–2005 വരെ നിലവിലുള്ള രജിസ്ട്രേഷൻ നമ്പറുകൾ നികുതിദായകർക്ക് ഉപയോഗിക്കാവുന്നതാണ്.

179 നികുതി വരുമാനം സംരക്ഷിക്കുന്നതിനും അവ്യക്തതകൾ നീക്കാനുമായി ചില ഭേദഗതികൾ വിൽപന നികുതി നിയമത്തിൽ ആവശ്യമാണ്.

1. 2004– ലെ ധനകാര്യബില്ലിൽ ചില വസ്തുക്കൾ കൂടുതൽ നികുതി സമാഹരിക്കുന്നതിനായി വിൽപന നികുതി നിയമത്തിലെ 5–ാം പട്ടികയിൽ പെടുത്തിയിരിക്കുന്നു. എന്നാൽ അടുത്തുതന്നെ മൂല്യവർദ്ധിത നികുതി നിയമം നടപ്പാക്കുന്നതിനാൽ ഇതു പിന്നീട് വേണ്ടെന്നു വച്ചു. പക്ഷേ ഏതാനും വ്യാപാരികൾ 5–ാം പട്ടികയിൽ പെടുന്ന വസ്തുക്കൾക്ക് ബാധകമായി രീതിയിൽ നികുതി പിരിച്ചിരുന്നു. ഇത്തരം കേസുകളിൽ നികുതി നിർണ്ണയം പൂർത്തിയാക്കുന്നതിന് വേണ്ട ഒരു ഭേദഗതി നിയമത്തിലെ 5–ാം വകുപ്പിൽ ചേർക്കുന്നതാണ്.

2. നിയമത്തിലെ 59 എ വകുപ്പനുസരിച്ച് നൽകുന്ന വിശദീകരണങ്ങളിൽ പ്രത്യക്ഷമായ എന്തെങ്കിലും പിശക് വന്നാൽ തിരുത്താനായി ഒരു ഭേദഗതി കൊണ്ടുവരുന്നതാണ്.

3) സർക്കാർ വകുപ്പുകളുടെ വിൽപന നികുതി ബാദ്ധ്യത സംബന്ധിച്ച് പല തർക്കങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇവ തീർക്കുന്നതിനായി നിയമത്തിലെ 22–ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു.

4) നിയമത്തിലെ 7–ാം വകുപ്പ് ഭേദഗതി ചെയ്ത്, “സിവിൽ വർക്ക് ” എന്ന പ്രയോഗത്തിൻെറ നിർവ്വചനത്തിൽ “Supply and laying of pipes” കൂടി ഉൾപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

5) നിയമത്തിലെ 32–ാം വകുപ്പ് ഭേദഗതി ചെയ്ത് കുറിയർ ഏജൻസികൾക്കുകൂടി, ചരക്കുകൾ കടത്തുന്ന മററ് ഏജൻസികൾക്ക് ബാധകമായ വ്യവസ്ഥകൾക്ക് ബാധകമാക്കാൻ ഉദ്ദേശിക്കുന്നു. ചരക്കുകളുടെ നീക്കത്തിനെക്കുറിച്ച് നികുതി വകുപ്പിന് കൃത്യമായി വിവരം ലഭിക്കുന്നതിനാണ് ഇത്.

6) നിയമത്തിലെ 30 B(4), 30 E എന്നീ വകുപ്പുകളിലുള്ള ചില അപാകതകൾ മുതലെടുത്തുകൊണ്ട് പല സാധനങ്ങളും കള്ളക്കടത്ത് നടത്തുന്നതിനായി സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി പ്രസ്തുത വകുപ്പുകൾ ഭേദഗതി ചെയ്യുന്നതാണ്. ഈ ഭേദഗതികൾക്ക് പ്രസ്തുത വകുപ്പുകൾ നിലവിൽ വന്ന തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കും. സമാനമായ ഭേദഗതികൾ മൂല്യവർദ്ധിത നികുതി

നിയമത്തിലും കൊണ്ടുവരുന്നതാണ്.

7) മററു സർക്കാർ വകുപ്പുകളിൽ നിന്നും കിട്ടേണ്ട തുകകൾ ലഭിക്കുന്നതിനായി വിൽപന നികുതി കോടതി മുഖാന്തിരം ജപ്തി ചെയ്യപ്പെട്ട കുറേ കേസുകൾ ഉണ്ടായിട്ടുണ്ട്. നികുതി വരുമാനം സംരക്ഷിക്കുന്നതിനായി ഇപ്രകാരം ജപ്തി ചെയ്യുന്നത് തടയാൻ നിയമത്തിലെ 49–ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു. മൂല്യവർദ്ധിത നികുതി നിയമത്തിലും ഇപ്രകാരം ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതാണ്.

8) 31–03–2005 ന് നികുതി നിർണ്ണയം നടത്താൻ ബാക്കിയുള്ള കാലാവധി കഴിയുന്ന കേസുകൾ പൂർത്തിയാക്കുന്നതിനായി ഒരു വർഷം കൂടി സമയം നൽകുന്നതിന ് നിയമത്തിലെ 17–ാം വകുപ്പ് ഭേദഗതി ചെയ്യുന്നതാണ്. അപ്പീൽ, റിവിഷൻ അധികാരികളുടെ തീരുമാനമനുസരിച്ച് പുനർനിർണ്ണയം നടത്താനുള്ള കേസുകൾക്കും ഇത് ബാധകമായിരിക്കും.

180 പ്രവേശന നികുതി നിയമത്തിലും ചില ഭേദഗതികൾ ആവശ്യമാണ്. മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പാക്കിയാലും പ്രവേശന നികുതി ആവശ്യമുള്ളിടത്ത് തുടരാമെന്നും എന്നാൽ മൂല്യവർദ്ധിത നികുതിയ്ക്കെതിരെ തട്ടിക്കിഴിക്കാൻ വ്യവസ്ഥ വേണം എന്നുമാണ് ദേശീയതലത്തിൽ ഇക്കാര്യത്തെക്കുറിച്ച് ഉള്ള പൊതുധാരണ. ഇതിനനുസൃതമായി പ്രവേശന നികുതി നിയമത്തിലെ 4–ാം വകുപ്പ് ഭേദഗതി ചെയ്യുന്നതാണ്. മൂല്യവർദ്ധിത നികുതി നിയമത്തിലും ഇതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തും. പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉൽപാദകർക്കും പ്രവേശന നികുതി നിയമത്തിൽ നിന്ന് സർക്കാർ നേരത്തെ ചില ഒഴിവുകൾ നൽകിയിരുന്നു. എന്നാൽ മുൻകാല പ്രാബല്യം നൽകാൻ നിയമത്തിൽ വ്യവസ്ഥയില്ലാത്തതിനാൽ ഇത് നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. ഇതിനായി ചട്ടങ്ങളിൽ ഭേദഗതി ചെയ്യുന്നതാണ്. പ്രവേശന നികുതി, സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്ന ഘട്ടത്തിൽ കൊടുക്കുന്നതിനു പകരം നികുതി നിർണ്ണയം നടത്തുന്ന ഓഫീസുകളിൽ കൊടുക്കുന്നതിനായി പല നിവേദനങ്ങളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാണ്. ഇത്തരം കേസുകളിൽ പ്രവേശന നികുതി മുൻകൂറായി അടയ്ക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതാണ്. നിയമത്തിലെ 15–ാം വകുപ്പ് ഭേദഗതി ചെയ്ത്, നികുതി അടയ്ക്കാൻ താമസം വന്നാൽ 12% പലിശ ഈടാക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതാണ്. സംസ്ഥാനത്തിന് പുറത്ത് വാഹനങ്ങളുടെ "Body bulding"നടത്തുന്ന കേസുകളിൽ നികുതി വെട്ടിപ്പ് തടയാനായി, നിയമത്തിലെ 18–ാം വകുപ്പ് ഭേദഗതി ചെയ്ത് ഇത്തരം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് നികുതി അടച്ച് സർട്ടിഫിക്കററ് ഹാജരാക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നാതാണ്. 31–12–2004ന് തീർപ്പു കൽപിക്കാൻ ബാക്കിയുള്ള അപ്പീലുകളും റിവിഷനുകളും തീർക്കുന്നതിന് ഒരു വർഷം കൂടി സമയം നൽകാൻ 14–ാം വകുപ്പ് ഭേദഗതി ചെയ്യുന്നതാണ്. താഴെപ്പറയുന്ന ഇനങ്ങൾ കൂടി പ്രവേശന നികുതി ബാധകമാക്കി നിയമത്തിലെ പട്ടികയിൽപ്പെടുത്തുന്നതാണ്.

1. ശാസ്ത്രീയ, ലബോറട്ടറി ഉപകരണങ്ങൾ
2. ഇലക്ട്രോണിക് ഉപകരണങ്ങൾ
3. മെഷീനുകൾ
4. പടക്കങ്ങൾ
5. ഗ്ലാസ്

6. മോട്ടോർ വാഹനസ്പെയർ പാർട്ടുകൾ

7. ലിനോലിയവും മററ് രുപപ്പെടുത്താവുന്ന ഫ്ളോറിങ്ങ് വസ്തുക്കളും

181 പ്രവേശന നികുതി നിയമത്തിൻെറ പട്ടികയിൽ സിമൻററ് എന്ന ഇനത്തിൽ വെളുത്ത സിമൻറും ഉൾപ്പെടുത്തുന്നതാണ്. കടപ്പാ സ്റ്റോൺ എന്ന ഇനത്തിൽ. കോട്ടാ സ്റ്റോൺ, സദൃശ്യമായ മററ് സ്റ്റോണുകളും സ്ലാബുകളും ഉൾപ്പെടുത്തുന്നതാണ്.

182 ആഡംബര നികുതി ചുമത്തുന്നതിൻെറ പ്രധാന ഉദ്ദേശ്യം അധിക ചെലവും പാഴ്ചെലവും നിരുൽസാഹപ്പെടുത്തുക എന്നതാണ്. വിവാഹങ്ങൾ, സ്വീകരണങ്ങൾ, എക്സിബിഷനുകൾ തുടങ്ങിയ ചടങ്ങുകളിൽ പലതിലും ആവശ്യമില്ലാത്ത ആർഭാടവും പാഴ് ചെലവും ഉണ്ടാകുന്നതിനാൽ പല കുടുംബങ്ങളും കടക്കെണിയിൽ അകപ്പെടുന്നുണ്ട്. ഈ പ്രവണത നിരുൽസാഹപ്പെടുത്തുന്നതിനായി ഹോട്ടലുകൾ ക്ളബുകൾ, ഓഡിറേറാറിയങ്ങൾ, കല്യാണമണ്ഡപങ്ങൾ തുടങ്ങിയവയ്ക്ക് അവർക്ക് ലഭിക്കുന്ന വാടകയ്ക്കും അവർ നൽകുന്ന മററ് സേവനങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലത്തിനും 10% ആഡംബര നികുതി ചുമത്താൻ ഞാൻ ഉദ്ദേശിക്കുന്നു. വാടകയ്ക്കുള്ള നികുതി,. പ്രതിദിനം 3000 രൂപയിൽ കൂടുതൽ വാടക കിട്ടുന്ന സ്ഥലങ്ങളായിരിക്കും. മതപരമായ ആരാധന നടത്തുന്ന സ്ഥലങ്ങൾക്കുള്ളിൽ ഇത്തരം ചടങ്ങുകൾക്കായി ഉപയോഗിക്കുന്ന വേദികളുണ്ടെങ്കിൽ അവയ്ക്ക് ഈ നികുതി ബാധകമായിരിക്കുകയില്ല. ഈ പുതിയ നികുതിയിൽ നിന്നും 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു ഹൗസ് ബോട്ടുകൾക്കുള്ള ആഡംബര നികുതി 10% ആയി ഉയർത്തുന്നതാണ്. ഇതിൽ നിന്നും 2 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ആഡംബര നികുതി നിയമം അനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടുള്ള കേസുകളിൽ വിൽപന നികുതി അപ്പലേററ് ട്രൈബ്യൂണലിന് രണ്ടാമത് രണ്ടാമത് ഒരു അപ്പീൽ കൂടി നൽകാനുള്ള വ്യവസ്ഥ ഉൾപ്പെടുത്താനായി നിയമത്തിലെ 2 ഉം 7ഉം വകുപ്പുകൾ ഭേദഗതി ചെയ്യുന്നതാണ്.

183 ആഡംബര നികുതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രജിസ്ട്രേഷൻ ഫീസിൻെറയും കോമ്പൗണ്ടിംഗ് ഫീസിൻെറയും നിരക്കുകൾ പല വർഷം മുമ്പ് നിശ്ചയിച്ചവയാണ്. വിനോദസഞ്ചാര മേഖലയുടെ വളർച്ചയും ആ മേഖലയിലെ ആനുപാതികമായ വരുമാനത്തിൻെറ വർദ്ധനവും കണക്കിലെടുത്ത് ഈ നിരക്കുകൾ പരിഷ്ക്കരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ആഡംബര നികുതി നിയമത്തിലെ 4 B വകുപ്പ് ഭേദഗതി ചെയ്ത് രജിസ്ട്രേഷൻ ഫീസ് ഇനി പറയുന്ന രീതിയിൽ പുതുക്കി നിശ്ചയിക്കുന്നതാണ്.

| | | |
|---|---|---|
| a. | സ്റ്റാർഹോട്ടലുകൾ | 6250 രൂപ |
| i.. | മററു ഹോട്ടലുകൾ | |
| ii. | മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിയിലുള്ളവ | 1250 രൂപ |
| iii. | മുനിസിപ്പാലിററിയുടെയോ ടൗൺഷിപ്പിൻെറയോ അതിർത്തിയിലുള്ളവ | 1000 രൂപ |

| | | |
|---|---|---|
| e. | പഞ്ചായത്ത് അതിർത്തിയിലുള്ളവ | 750 രൂപ |

184 ആഡംബര നികുതി നിയമത്തിലെ കോമ്പൗണ്ട് നികുതിയുടെ നിരക്കുകൾ, 5 A വകുപ്പ് ഭേദഗതി ചെയ്ത് ഇനി പറയുന്ന രീതിയിൽ പുതുക്കി നിശ്ചിയിക്കുന്നതാണ്.

| | | |
|---|---|---|
| a. | മുൻസിപ്പൽ കോർപ്പറേഷൻ അതിർത്തിയിൽ | |
| | i എയർ കണ്ടീഷൻഡ് മുറിയ്ക്ക് (ഓരോന്നിനും ) | 1875 രൂപ |
| | ii. മററ് മുറികൾക്ക്– (ഓരോന്നിനും) | 1250 രൂപ |
| b. | മുനിസിപ്പാലിററിയുടെയോ ടൗൺഷിപ്പിൻെറയോ അതിർത്തിയിലുള്ളവ | |
| | i. എയർകണ്ടീഷൻഡ് മുറിയ്ക്ക് (ഓരോന്നിനും) | 1875 രൂപ |
| | ii മററ് മുറികൾക്ക് – (ഓരോന്നിനും) | 1000 രൂപ |
| c. | പഞ്ചായത്ത് അതിർത്തിയിലോ മററു പ്രദേശത്തുള്ളവ | |
| | i. എയർകണ്ടിഷൻഡ് മുറിയ്ക്ക് (ഓരോന്നിനും) | 1000 രൂപ |
| | ii) മററു മുറികൾക്ക് – (ഓരോന്നിനും) | 750 രൂപ |

185 കുറെസമയം മുമ്പ് റബ്ബർ കൃഷിയിൽ നിന്നുള്ള വരുമാനത്തിൻെറ 35% വും കാപ്പി കൃഷിയിൽ നിന്നുള്ള വരുമാനത്തിൻെറ 40% ഉം ആദായ നികുതിയ്ക്ക് വിധേയമാക്കുകയുണ്ടായി. അതുവരെ, പ്രസ്തുത വരുമാനം മുഴുവനും കാർഷികാദായ നികുതിയ്ക്ക് വിധേയമായിരുന്നു. ഒരേ വരുമാനത്തിന് ഒന്നിൽ കൂടുതൽ ആദായ നികുതി ചുമത്തുന്നത് ഭരണഘടന തത്ത്വങ്ങൾക്ക് അനുസൃതമല്ല. അതിനാൽ കാർഷികാദായ നികുതി നിയമം ഭേദഗതി ചെയ്ത് , ആദായനികുതിയ്ക്ക് ബാധകമല്ലാത്ത വരുമാനം മാത്രമേ കാർഷികാദായ നികുതിയ്ക്ക് ബാധകമാകൂ എന്നവ്യവസ്ഥ കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിൽ നിന്നും 2 കോടിരൂപയുടെ വരുമാന നഷ്ടം ഉണ്ടാകും. ഈ ഭേദഗതി കൊണ്ട് കാർഷികാദായ നികുതി നിയമത്തിൻെറ മററ് വ്യവസ്ഥകളിൽ, പ്രത്യേകിച്ച് കോമ്പൗണ്ടിംഗ് വ്യവസ്ഥകളിൽ, മാററം വരുന്നില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാർഷികാദായ നികുതി നിരക്കുകൾ വളരെ കൂടുതലാണെന്നും, യുക്തിക്കനുസൃതമായി അവ പരിഷ്ക്കരിക്കണമെന്നും നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. കാർഷികാദായ നികുതി നിരക്കുകൾ ഇനി പറയും ഭേദഗതി ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു.

1. കമ്പനിയും സഹകരണസംഘങ്ങളുമൊഴിച്ചുള്ള വ്യക്തികൾക്ക്

| | | |
|---|---|---|
| എ | മൊത്തം കാർഷികാദായം 40000 രൂപയിൽ കവിയാത്തപ്പോൾ | ഇല്ല |
| ബി | മൊത്തം കാർഷികാദായം 40000 രൂപയിൽ കൂടുതലും 60000 രൂപയിൽ കവിയാതെയും വരുമ്പോൾ | 40000 രൂപയിൽ കൂടുതൽ |

| | | |
|---|---|---|
| | | വരുന്ന വരുമാനത്തിന്റെ 10 ശതമാനം |
| സി. | മൊത്തം കാർഷികാദായം 60000 രൂപയിൽ കൂടുതലും ഒരു ലക്ഷം രൂപ.യിൽ കവിയാതെയും വരുമ്പോൾ | രണ്ടായിരം രൂപയും 60000 രൂപയ്ക്കുമേൽ വരുന്ന കാർഷികാദായത്തിന്റെ 20 ശതമാനവും |
| ഡി. | മൊത്തം കാർഷികാദായം ഒരു ലക്ഷം രൂപയിൽ കൂടുമ്പോൾ | പതിനായിരം രൂപയും ഒരു ലക്ഷം രൂപയ്ക്ക് മേൽ വരുന്ന കാർഷികാദായത്തിന്റെ 30 ശതമാനവും |

2. ഫേമുകൾക്ക് : മൊത്തം കാർഷികാദായത്തിന്റെ 35 ശതമാനം

3. ഡോമസ്റ്റിക് കമ്പനി/ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക്

| | | |
|---|---|---|
| എ. | മൊത്തം കാർഷികദായം 25000 രൂപയിൽ കൂടാതെ വരുമ്പോൾ | മൊത്തം കാർഷികാദായത്തിന്റെ ശതമാനം |
| ബി. | മൊത്തം കാർഷികാദായം 25000 രൂപയിൽ കവിയുകയും ഒരു ലക്ഷം രൂപയിൽ കവിയാതെയും വരുമ്പോൾ | മൊത്തം കാർഷിക ദായത്തിന്റെ 40 ശതമാനം |
| സി. | മൊത്തം കാർഷികാദായം ഒരു ലക്ഷം രൂപയിൽ കവിയുകയും മൂന്നുലക്ഷം രൂപയിൽ കവിയാതെയും വരുമ്പോൾ | മൊത്തം കാർഷികാദായത്തിന്റെ 45 ശതമാനം |
| ഡി. | മൊത്തം കാർഷികാദായം മൂന്നു ലക്ഷം രൂപയിൽ കവിയുമ്പോൾ | മൊത്തം കാർഷികാദായത്തിന്റെ 50 ശതമാനം |

4. വിദേശി കമ്പനികൾക്ക് – മൊത്തം കാർഷികാദായ വരുമാനത്തിന്റെ 80 ശതമാനം

185 മററുനിയമങ്ങളിൽ വരുത്തിയ മാററത്തിന് അനുസൃതമായി നികുതി അടയ്ക്കാൻ താമസം വരുന്ന കേസുകളിൽ ചുമത്തുന്ന പലിശ 12 ശതമാനമായി കുറയ്ക്കുന്നതാണ്. ഇതിനായി നിയമത്തിലെ 37–ാം വകുപ്പ് ഭേദഗതി ചെയ്യുന്നതാണ്. നികുതി അടയ്ക്കുമ്പോൾ ആദ്യം പലിശയിലേക്ക് വകയിരുത്തുന്നതിനായി 91–ാം വകുപ്പ് ഭേദഗതി ചെയ്യുന്നതാണ്.

187 2003 ഡിസംബർ മാസത്തിൽ കേരള സ്റ്റാമ്പ് നിയമത്തിൽ കൊണ്ടുവന്ന ഭേദഗതി അനുസരിച്ച് ഡ്യൂട്ടി 8.5 ശതമാനത്തിൽ നിന്ന് 4 ശതമാനം ആയും സർചാർജ്ജ് 5 ശതമാനത്തിൽ നിന്ന് 2 ശതമാനമായും കുറയ്ക്കുകയുണ്ടായി. ഇതോടൊപ്പം ഭൂമിയ്ക്കുള്ള ന്യായവില സർക്കാർ വിജ്ഞാപനം വഴി നിജപ്പെടുത്തുകയും തദ്വാരാ പ്രസ്തുത നികുതി കൂടുതൽ യുക്തിസഹം ആകുകയും ചെയ്യും എന്നായിരുന്നു പ്രതീക്ഷ. എന്നാൽ ന്യായവില സംബന്ധിച്ച് വിജ്ഞാപനം അടുത്തുതന്നെ പ്രസിദ്ധീകരിച്ചെങ്കിലും അതിന്റെ പ്രാബല്യം നിർത്തിവച്ച് കൊണ്ട് മറെറാരു വിജ്ഞാപനം അടുത്തു തന്നെ പ്രസിദ്ധീകരിച്ചു. പുതുക്കിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം മൂലം സർക്കാരിന് ഗണ്യമായ നികുതി നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതൊഴിവാക്കുന്നതിനായി കേരളാ സ്റ്റാമ്പ് നിയമം ഭേദഗതി ചെയ്ത് സ്റ്റാമ്പ് ഡ്യൂട്ടിയ്ക്കും സർചാർജ്ജിനും 2003 ഡിസംബറിന് മുമ്പ് ഉണ്ടായിരുന്ന നിരക്കുകൾ തന്നെ പുന:സ്ഥാപിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

## ഭാഗം – സി

സർ,

188, എൻെറ മുൻഗാമി ഈ സഭയിൽ അവതരിപ്പിച്ച ബജററ് പ്രസംഗത്തിൽ ഈ സാമ്പത്തിക വർഷത്തെ റവന്യൂ കമ്മി 4707.13 കോടി രൂപയും വർഷാന്ത്യ കമ്മി 751.34 കോടി രൂപയുമായിരിക്കുമെന്ന് സൂചിപ്പിച്ചിരുന്നു. ഈവർഷത്തെ റവന്യൂ ചെലവിൽ പ്രതീക്ഷതിനേക്കാൾ നേരിയ കുറവുണ്ടാകുന്ന സൂചനയാണ് ഈവർഷത്തെ ഇതുവരെയുള്ള കണക്കുകൾ നൽകുന്നത്. നികുതി പിരിവിൻെറ കാര്യത്തിൽ ഉണ്ടായിട്ടുള്ള ശുഭകരമായി പ്രവണതകൾ ഈ വർഷത്തെ റവന്യു വരുമാനം നേരിയ തോതിലെങ്കിലും മെച്ചപ്പെട്ട നിലയിലെത്തിക്കുന്നതിന് കാരണമാകുമെന്നും സൂചനയുണ്ട്. ഇതിൻെറ ഫലമായി റവന്യു കമ്മി 4565.31 കോടി രൂപയും വർഷാന്ത്യ കമ്മി 837.90 കോടി രൂപയുമായി മാറുമെന്ന് കണക്കാക്കപ്പെടുന്നു. പുതുക്കിയ എസ്റ്റിമേററ് അനുസരിച്ച് ഈ വർഷത്തെ റവന്യൂ വരുമാനം 14310.35 കോടി രൂപയിലെത്തുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിയിൽ പൊതുക്കണക്ക് (Public Account) ചെലുത്തുന്ന സമ്മർദ്ദം കുറച്ചുകൊണ്ടു വരുന്നതിനു വേണ്ടിയുള്ള സർക്കാരിൻെറ പരിശ്രമങ്ങൾ വിജയം കാണുമെന്ന പ്രതീക്ഷയും എനിക്കുണ്ട്. 2004–05 ലെ പുതുക്കിയ എസ്റ്റിമേററുകളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

| | ഇനം | (രൂപ കോടിയിൽ)<br>പുതുക്കിയ എസ്റ്റിമേററ് 2004–05 |
|---|---|---|
| | റവന്യു വരവ് | 14310.35 |
| | റവന്യു ചെലവ് | 18875.66 |
| | റവന്യൂ കമ്മി | (–) 4565.31 |
| | മൂലധന ചെലവ് | 619.76 |
| | വായ്പകളും മുൻകൂറുകളും (തനി) | (–) 114.00 |
| | പൊതു കടം (തനി) | 4280.80 |
| . | പൊതുകണക്ക് (തനി) | 744.05 |
| | ആകെ കമ്മി | (–) 274.22 |
| | മുൻ വർഷ കമ്മി | (–) 563.68 |
| | വർഷാന്ത്യ കമ്മി | (–) 837.90 |

189 റവന്യു പിരിവ് വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ കൂടുതൽ ശക്തമായി അടുത്ത വർഷത്തിലും തുടരുന്നതാണ്. 1.04.2005 ൽ നിലവിൽ വരുന്ന മൂല്യവർദ്ധിത നികുതി സമ്പ്രദായം നികുതി നിർണ്ണയവും നികുതിയടയ്ക്കലും സുതാര്യവും ലളിതവുമാക്കി മാററുമെന്ന ശുഭപ്രതീക്ഷയാണു നൽകുന്നത്. വസ്തു ക്രയവിക്രയ രജിസ്ട്രേഷൻ സംബന്ധിച്ച നികുതി ഘടനയിൽ വരുന്ന പുന:ക്രമീകരണങ്ങൾ ആ മേഖലയിലെ വരുമാനവളർച്ചയുടെ ആക്കം കൂട്ടുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. റവന്യൂ ചെലവിൻെറ വളർച്ചാ നിരക്ക് നിയന്ത്രിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ സർക്കാർ

തുടരുന്നതാണ്.

190. സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തിൻെറ പൊതുകണക്ക് ചെലുത്തുന്ന സ്വാധീനം കുറച്ചുകൊണ്ടുവരുന്നതും ലക്ഷ്യം വച്ചുകൊണ്ടുള്ള നടപടികളാകും അടുത്ത സാമ്പത്തികവർഷത്തിലും സ്വീകരിക്കുക. ഞാൻ ഈപ്രസംഗത്തിലൂടെ നിർദേശിച്ചിട്ടുള്ള പുതിയ ചെലവുകളും അധിക വിഭവ സമാഹരണവും കൂടി കണക്കിലെടുക്കുമ്പോൾ 2005–06 സാമ്പത്തിക വർഷത്തെ വർഷാന്ത്യക്കമ്മി. 997.18 കോടി രൂപയായിരിക്കും. 2005–06 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജററ് എസ്റ്റിമേററുകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| ഇനം | (രൂപ കോടിയിൽ) ബജററ് എസ്റ്റിമേററ് 2004–05 |
|---|---|
| റവന്യു വരവ് | 16623.97 |
| റവന്യു ചെലവ് | 20696.24 |
| റവന്യൂ കമ്മി | (–) 4072.27 |
| മൂലധന ചെലവ് | 590.19 |
| വായ്പകളും മുൻകൂറുകളും (തനി) | (–) 508.92 |
| പൊതു കടം (തനി) | 4744.48 |
| പൊതു കണക്ക് (തനി) | 321.56 |
| ആകെ കമ്മി | (–) 105.34 |
| മുൻവർഷകമ്മി | (–) 837.90 |
| പ്രഖ്യാപിച്ച പുതിയ ചെലവുകൾ | 63.94 |
| പ്രഖ്യപിച്ച അധിക വിഭവ സമാഹരണം | 10.00 |
| വർഷാന്ത്യ കമ്മി | (–) 997.18 |

191. ഇപ്പോൾ നടന്നുവരുന്ന സാമ്പത്തിക നവീകരണ പരിപാടി സംസ്ഥാനത്തിൻെറ സാമ്പത്തിക രംഗത്ത് ഗുണപരമായ മാററങ്ങൾക്ക് കാരണമാകുമെന്ന കാര്യത്തിൽ തർക്കമില്ല. ഇതിലൂടെ നേടിയെടുക്കുന്ന സാമ്പത്തിക അച്ചടക്കവും സുസ്ഥിരയും വർഷാന്ത്യ കമ്മിയുടെ രൂപത്തിൽ പ്രകടമാകുന്ന വിഭവ ശേഷിയിലെ കുറവു പരിഹരിക്കാൻ എന്നെ സഹായിക്കുമെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

സർ,

192. എൻെറ പ്രധാന കർത്തവ്യം ഞാൻ നിർവഹിച്ചുകഴിഞ്ഞു. ആദ്യത്തെ എൻെറ ഈ സംരംഭത്തിന് ചില പ്രത്യേകതകളുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. വരവുകളും ചെലവുകളും കഴിയുന്നത്ര യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞാൽ തന്നെ ഒരു ബജററ് വിജയമാകും. പലയിനങ്ങളിലുമായി കാലാകാലങ്ങളിൽ വർദ്ധിച്ചു വന്നിരുന്ന കുടിശ്ശിക നികത്താൻ കഴിഞ്ഞ വർഷവും ഈ വർഷവും കൂടുതൽ തുക വകയിരുത്തിയതുകൊണ്ട് എൻെറ ഈ ബജററ് പ്രക്രിയ കൂടുതൽ

എളുപ്പമായി. ബാക്കി വരുന്ന കുടിശ്ശികയിൽ പ്രധാനമായവ ഈ ബജററിലൂടെ നികത്തപ്പെടുകയാണ്.

193. അപ്രതീക്ഷിതമായ സംഭവ വികാസങ്ങളെ എങ്ങനെ നേരിടാൻ കഴിയും എന്നതനുസരിച്ചായിരിക്കും 2005–06 ലെ ബജററിൻെറയും വിജയം. വാററ് സംവിധാനം നടപ്പിൽ വരുന്നതുമൂലമുള്ള അനിശ്ചിതാവസ്ഥ. 12–ാം ധനകാര്യകമ്മീഷൻ അവാർഡ് വരാത്തതിലുള്ള അനിശ്ചിതാവസ്ഥ. പലിശനിരക്കിൽ ഉണ്ടാകാൻ ഇടയുള്ള ഏററക്കുറച്ചിലുകൾ എന്നിവയെല്ലാം വളരെ പ്രാധാന്യമുള്ള ഘടകങ്ങളാണെങ്കിലും ഇതിനെയെല്ലാം അതിജീവിക്കാൻ ഈ ബജററിന് കഴിയുമെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു.

194. സാമ്പത്തിക പരിഷ്ക്കാരങ്ങളിലൂടെ നമ്മുടെ ചെലവ് നിയന്ത്രിക്കേണ്ടതുണ്ടെങ്കിലും സമൂഹത്തിൻെറ താഴെത്തട്ടിൽ നിൽക്കുന്ന നിരാലംബരും നിർദ്ധനരുമായ അനേക ലക്ഷം ജനങ്ങളെ നമ്മുടെ സംസ്ഥാനത്തിൻെറയും രാഷ്ട്രത്തിൻെറയും മുഖ്യവികസന ധാരയിലേക്ക് കൊണ്ടുവരാൻ നമുക്ക് ഈ ബജററിലൂടെ സാധിക്കും എന്ന് എനിക്ക് ഉറച്ച് വിശ്വാസമുണ്ട്. അധിക ചെലവ് എവിടെ കാണിച്ചിട്ടുണ്ടോ അത് സംസ്ഥാനത്തിൻെറ അടിസ്ഥാന സൗകര്യ വികസനത്തിനോ ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനോ ആണ് എന്ന് കാണാം.

195. കേരളത്തിൻെറ ഇന്നത്തെ ഏററവും പ്രധാനപ്പെട്ട മാനുഷിക പ്രശ്നം തൊഴിലില്ലായ്മയാണ്. സാമ്പത്തിക വളർച്ചയ്ക്ക് ഏററവും ആവശ്യം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതാണ്. സ്വന്തമായി തൊഴിൽ ചെയ്യാൻ അഭ്യസ്തവിദ്യരായ യുവാക്കളെ പ്രാപ്തരാക്കിയാൽ നാം നമ്മുടെ യജ്ഞത്തിൽ വിജയിച്ചു. ഈ ബജററിലൂടെ അതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ ഞാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്.

196. എന്നിരുന്നാലും നമ്മുടെ കൊച്ചു കേരളത്തിൻെറ ഭാവി വികസനത്തിന് നാം എല്ലാവരും വിഭാഗീയതകൾ മറന്ന് ഒററക്കെട്ടായി മുന്നോട്ട് പോയെങ്കിൽ മാത്രമേ വിജയം സുനിശ്ചിതമാകു. നാം അനേകം ദൂരം പിന്നിട്ടുകഴിഞ്ഞു. പക്ഷേ എത്രയോ ദൂരം ഇനിയും സഞ്ചരിക്കുവാൻ ബാക്കിയുണ്ട്. ഒരു വ്യക്തിയുടെ ജീവിതത്തിലെന്നപോലെ ഒരു രാജ്യത്തിൻെറ മുന്നോട്ടുള്ള യാത്രയിലും ഏററക്കുറച്ചിലുകൾ അനിവാര്യമാണ്. അവ നാം എങ്ങനെ തരണം ചെയ്യുന്നു എന്നതനുസരിച്ചാണ് നമ്മുടെ വിജയം. എൻെറ ഈ എളിയ ഉദ്യമം കേരളത്തിൻെറ വികസന പാതയിൽ ഒരു ചെറിയ കാൽവയ്പ്പായി തീരട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

സർ,

2005–06 സാമ്പത്തിക വർഷത്തെ ബജററ് ഞാൻ ഈ മഹനീയ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ജയ്ഹിന്ദ്